# God and Christ

# ദൈവവും ക്രിസ്തുവും

## ചോദ്യങ്ങൾക്കുള്ള മറുപടി

ഇസ്കന്തർ ജദീദ്

പി.ബി. നമ്പർ 45
കായംകുളം-കേരള

**GOD AND CHRIST**
*(Malayalam)*

by
**Iskander Jadeed**

All rights are strictly reserved. No part of this publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.

No. of Copies : 10,000

Published by :

P.B. No. 45
Kayamkulam - 690 502
Kerala.

Printed in 2012

Price: Rs. 15.00

Printed by : Printed at : P. P. George & Sons, Angamaly.

Printed in 2013

# ദൈവവും ക്രിസ്തുവും

## അദ്ധ്യായം 1

**ചോദ്യം :-**

1. *ദൈവം എന്നാൽ എന്താണ്? ദൈവത്തെ അറിയുവാൻ സാദ്ധ്യമാണോ?*
2. *ദൈവത്തെക്കുറിച്ചുള്ള ശാസ്ത്രീയ വീക്ഷണം എന്താണ്?*
3. *ദൈവത്തെക്കുറിച്ചുള്ള ഒരുവന്റെ വ്യക്തിപരമായ ചിന്താഗതിയുടെ ഫലം എന്ത്?*
4. *ദൈവത്തെക്കുറിച്ചുള്ള ക്രിസ്തീയ ഉപദേശത്തിന്റെ രത്ന ചുരുക്കമെന്ത് ?*

F.A.Meknes, Morocco

ഞാൻ ഉന്നതവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഒരു വ്യക്തിയല്ല, എന്നാൽ ക്രിസ്തുമൂലം രക്ഷിക്കപ്പെട്ട ഒരു സാധാരണ മനുഷ്യനാണ്, അവൻ എനിക്കു കാര്യങ്ങളെ തിരിച്ചറിയുവാനുള്ള കഴിവ് നല്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി, ഉന്നതനിലവാരം പുലർത്തേണ്ട ഒരു ജീവിതം എന്നെ ഭരമേല്പിച്ചിട്ടുണ്ട് എന്ന് എനിക്കു ബോദ്ധ്യമായി. സ്നേഹസമ്പന്നനും സർവ്വ ജ്ഞാനിയുമായ ഒരു ദൈവം ജീവിതത്തിലെ സമസ്ത കാര്യങ്ങളെയും നിയന്ത്രിക്കുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു. ദൈവത്തെക്കുറിച്ചുള്ള കാര്യങ്ങളെ കണ്ടു പിടിപ്പാനുള്ള ഒരു പരിശ്രമം കൊണ്ടു മാത്രം അതിന്റെ എല്ലാവശങ്ങളും വിശദമായി മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ഒരു മനുഷ്യൻ എത്രമാത്രം പരിജ്ഞാനമുള്ളവനായിരുന്നാലും ഈ വിഷയത്തെക്കുറിച്ച് അവൻ എത്രമാത്രം കൂലങ്കഷമായി പഠിച്ചാലും, അവന് സ്പർശിക്കുവാൻ കഴിയാത്ത വശങ്ങൾ പിന്നെയും അവശേഷിക്കുന്നതായിരിക്കും. ഏതായാലും എനിക്കു ലഭിച്ചിരിക്കുന്ന പരിജ്ഞാനമനുസരിച്ച് ദൈവത്തെക്കുറിച്ചുള്ള ഏതാനും സത്യങ്ങൾ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചു തരുവാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

## ദൈവം എന്താണ് ?

യാതൊരു സൃഷ്ടിക്കും ദൈവം ആയിരിക്കുന്ന അതേ അവസ്ഥയിൽ അവനെ അറിയുവാൻ സാദ്ധ്യമല്ല. ഏതായാലും അവനെ മറ്റുള്ളവരിൽ നിന്നും എങ്ങനെ തിരിച്ചറിയുവാൻ കഴിയുമെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ക്രിസ്തു ഒരു വിശദീകരണം നമുക്കു നല്കുന്നുണ്ട്. "ദൈവം ആത്മാവാകുന്നു" വ്യക്തമായ മറ്റൊരു വിശദീകരണം വെസ്റ്റുമിൻസ്റ്റർ വിശ്വാസപ്രമാണത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. ''ദൈവം ആത്മാവാകുന്നു,'' അവൻ പരിമിതി ഇല്ലാത്തവനും സമ്പൂർണ്ണനുമാണ്, സമസ്ത കാര്യങ്ങളും അവനിൽ നിന്നും, അവനിലും, അവനു വേണ്ടിയുമാകുന്നു, അവന്റെ പൂർണ്ണത എല്ലാറ്റിനും മതിയായതാണ്, അവൻ നിത്യനും മാറ്റമില്ലാത്തവനും അഗോചരനുമാണ്, അവൻ സർവ്വ വ്യാപിയും സർവ്വശക്തനും സർവ്വജ്ഞാനിയുമാണ്, അവൻ വിവേകമുള്ളവനും, വിശുദ്ധനും, നീതിമാനും, കരുണയുള്ളവനും, ദയയുള്ളവനും, ദീർഘക്ഷമയുള്ളവനുമാകുന്നു".

'വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ' എന്ന പുസ്തകത്തിലും നാം ഇപ്രകാരം വായിക്കുന്നു: "ദൈവം ആത്മാവാകുന്നു, അവൻ അപരിമേയനും, നിത്യനും ആസ്തിക്യത്തിൽ മാറ്റമില്ലാത്തവനും, ജ്ഞാനവും അധികാരമുള്ളവനും, വിശുദ്ധിയും നീതിയും കരുണയും സത്യവുമാകുന്നു'.

## ദൈവത്തെ അറിയുവാൻ സാദ്ധ്യമാണോ?

ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്ന ക്രിസ്തുമൂലം ദൈവത്തെ അറിയുവാൻ കഴിയുമെന്ന് ബൈബിളിൽ വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തു പറയുന്നു: "പിതാവല്ലാതെ ആരും പുത്രനെ അറിയുന്നില്ല, പുത്രനും പുത്രൻ വെളിപ്പെടുത്തികൊടുപ്പാൻ ഇച്ഛിക്കുന്നവനുമല്ലാതെ ആരും പിതാവിനെ അറിയുന്നതുമില്ല. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ 11:27, 28).

വീണ്ടും ക്രിസ്തു പറയുന്നതു നോക്കുക: "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല..... എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹ 14 : 6, 9).

ചിന്തിക്കുന്ന മനുഷ്യന്റെ സ്വാഭാവികമായ ഗുണവിശേഷമാണ് കാര്യങ്ങൾ ശരിയായി മനസ്സിലാക്കുക എന്നുള്ളത്. വിശ്വാസത്തിന് തെളിവുകളോ വ്യക്തിപരമായ സാക്ഷ്യമോ ആവശ്യമില്ല. ദൈവഭക്തിയോട് ചായ്‌വുള്ള മതഭക്തനായ ഒരു ജീവിയാണ് മനുഷ്യൻ എന്ന് ചരിത്രം സാക്ഷിക്കുന്നു. ഏതൊരു കാലത്തും ഏതൊരു രാജ്യത്തുമുള്ള യാതൊരു ജനതയും ഏതെങ്കിലും ഒരളവിൽ ദൈവഭക്തിയില്ലാത്തവരായി നാം കണ്ടിട്ടില്ല. ദൈവം എന്ന പേരില്ലാത്ത യാതൊരു ഭാഷയും ലോകത്തിലില്ല. ഭാഷ എന്നത് മനുഷ്യന്റെ വികാരങ്ങളെയും വിചാരങ്ങളെയും പ്രകടിപ്പിക്കുവാനുള്ളതാകയാൽ, ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ ഈ അറിവ് സാർവ്വലൗകികമാണ് എന്നത് വ്യക്തമാണ്. പല മനുഷ്യരും നിരീശ്വരവാദികളാണെന്നുള്ളത് ശരിയാണ്. പക്ഷേ, ഇതിന്റെ കാരണം, തന്റെ സ്വന്തം സ്വഭാവത്തിനെതിരായി പ്രവർത്തിക്കുവാനുള്ള മനുഷ്യന്റെ കഴിവുകൊണ്ടാണത്. അതുപോലെ അവന്റെ ഉള്ളിൽ രൂഢമൂലമായിട്ടുള്ള ദൈവീക ചിന്തയെ മനഃപൂർവ്വം നിഷേധിക്കലുമാണത്.

## ദൈവത്തെക്കുറിച്ചുള്ള ശാസ്ത്രീയ വീക്ഷണം

അഖിലാണ്ഡത്തിൽ കാണുന്ന അന്യോന്യമുള്ള യോജിപ്പുമൂലം, ഏതൊരു "കാര്യ"ത്തിനും ഒരു "കാരണ"മുണ്ട് എന്ന തത്വം അംഗീകരിക്കുവാൻ ശാസ്ത്രം നിർബന്ധിതമായിരിക്കുന്നു. ഈ അന്യോന്യ ബന്ധത്തിന് എവിടെയെങ്കിലും വിഘ്നം നേരിട്ടാൽ, ശാസ്ത്രത്തിന്റെ നിഗമനങ്ങൾ അപൂർണ്ണമാണെന്ന് തീരുമാനിക്കാം. കാരണം എല്ലാ വസ്തുതകളും പരിഗണിക്കുവാൻ സാവകാശം ലഭിച്ചു കാണുകയില്ല, അതുപോലെ വിട്ടുപോയ ചില കണ്ണികൾ ഉണ്ടാകയും ചെയ്തേക്കാം. ആകയാൽ ശാസ്ത്രീയ പ്രമാണം അനുസരിച്ച് പര്യവേക്ഷണം നടത്തുന്നവർ, വിഷയത്തിന്റെ എല്ലാ

വശങ്ങളും വിശദമായി പരിശോധിക്കുകയും, പിന്നീട് അതു വിശകലനം ചെയ്തു വസ്തുതകളുമായി താരതമ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അനന്തരം, ഫലത്തെ പ്രമാണവുമായി ഒത്തുനോക്കി, തന്റെ കണ്ടുപിടുത്തവുമായി പൊരുത്ത പ്പെടുന്നുണ്ടോ എന്നു നോക്കണം. ശാസ്ത്രീയ പര്യവേ ക്ഷണം നടത്തുന്ന ഒരു ശാസ്ത്രജ്ഞന്റെ സമീപത്തേയ്ക്കു നിങ്ങളെ ആനയിച്ചാൽ നിങ്ങളുടെ ഇരുവരുടെയും അഭിപ്രാ യങ്ങൾ തമ്മിൽ യോജിക്കാതെ വേർപിരിയുന്നതു കാണാവു ന്നതാണ്.

ഈ അഖിലാണ്ഡത്തിന് വ്യക്തമായ ഒരു ഉദ്ദേശ്യമുണ്ടെന്ന് ശാസ്ത്രം അനുമാനിക്കുന്നു. അതിന്റെ പിന്നിൽ സജീവമായ ഒരു മേധാശക്തിയുമുണ്ട്. വിഷയം ശരിയായി പരിശോധിക്കാതെയും "കാരണം" കണ്ടുപിടിക്കാതെയും ശാസ്ത്രം ഒരു കാര്യവും അംഗീകരിക്കാറില്ല. മറുഭാഗത്ത് നാം കാണുന്നത് മതപരമായ വീക്ഷണഗതിയാണ് : നമ്മുടെ കാലടികളെ നിയന്ത്രിക്കുകയും നമ്മുടെ ബലഹീനതകൾക്ക് തുണനില്ക്കുകയും ചെയ്യുന്ന അത്യുന്നതമായ ഒരു ശക്തിയുടെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അഗാധമായ ബോദ്ധ്യമാണത്. ഈ ബോധമാണ്, മനുഷ്യനിൽ നിന്നും അതിരിക്തമായതും ഉന്നതമായതുമായ ഒരു ശക്തിയെ ആശ്രയിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത്. തങ്ങളുടെ ആവശ്യങ്ങളിൽ തങ്ങളെ സഹായിച്ചിട്ടുള്ള ഒരു അമാനുഷിക ശക്തിയെക്കുറിച്ച് എണ്ണമില്ലാത്ത ജനം സാക്ഷീകരിച്ചിട്ടുണ്ട്.

ഒന്നാമതായി ഈ ജ്ഞാനം ദൈവത്തിൽ നിന്നും വരുന്നതാണെന്നു മനുഷ്യൻ സമ്മതിക്കാത്ത കാലത്തോളം അവനും ദൈവത്തിൽ വിശ്വസിക്കുവാൻ കഴിയുന്നതല്ല; കാരണം എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നും വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങി വരുന്നു (യാക്കോ. 1:17). ഈ അഖിലാണ്ഡത്തിലെ എല്ലാറ്റിന്റെയും ദാതാവ് ദൈവമാണെങ്കിൽ, ജീവിതത്തിന്റെ എല്ലാ വശങ്ങളിലും അവന്റെ ഉദ്ദേശം എന്തെന്നു മനസ്സിലാക്കുവാൻ നമുക്കു കഴിയുന്നുവെങ്കിൽ, ഇക്കാര്യങ്ങളെ നാം ധ്യാനിക്കുമ്പോൾ, ദൈവത്തിന്റെ

പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും ഫലത്തെ നാം ആരായുന്നതിന് തുല്യമായിരിക്കുമത്. അവന്റെ കൈ വേലയെക്കുറിച്ചു നാം ധ്യാനിക്കുമ്പോൾ ആ സ്രഷ്ടാവിനെകുറിച്ചു തന്നെ നാം ചില കാര്യങ്ങൾ പഠിക്കുകയാണ്. ഇതേ ആശയമാണ് ദാവീദിന്റെ വാക്കുകളിൽ പ്രകടമാക്കിയിരിക്കുന്നത്. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീ. 19:1).

ഒരു തത്വജ്ഞാനി തന്റെ ചിന്തയുടെയും പഠനത്തിന്റെയും സംവാദത്തിന്റെയും ഫലമായി ദൈവത്തിന്റെ സത്തയെക്കുറിച്ചും സ്വഭാവത്തെക്കുറിച്ചും തന്റെ സ്വന്തം നിഗമനത്തിൽ എത്തിചേരുന്നു. അനന്തരം അവൻ ഇങ്ങനെ പറഞ്ഞു ഉപസംഹരിക്കുന്നു; ''ഈ കാര്യങ്ങൾ വാസ്തവത്തിൽ സത്യമാതിനാൽ, ദൈവം ഇന്നിന്ന നിലയിലായിരിക്കും..."

സത്യാന്വേഷകനോ മതഭക്തനോ ആയ ഒരു മനുഷ്യൻ ചിന്തിക്കുവാൻ തുടങ്ങുമ്പോൾ, തനിക്കു മനസ്സിലാക്കുവാൻ കഴിയാത്ത ചില വിഷയങ്ങൾ തന്റെ മുമ്പാകെ വരുന്നപക്ഷം, അവൻ ദൈവഹിതത്തിന് പരിപൂർണ്ണമായി സമർപ്പിച്ചുകൊണ്ട്, "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്നു പറയുകയും അക്കാര്യം അംഗീകരിക്കുകയും ചെയ്യുന്നതാണ്.

വേറെ വാക്കുകളിൽ പറഞ്ഞാൽ, ശാസ്ത്രത്തിനും തത്വജ്ഞാനത്തിനും ദൈവത്തെ കണ്ടുപിടിക്കാൻ കഴിയാതെ വരുമ്പോൾ, മതപരമായ അനുഭവംകൊണ്ടു മാത്രമേ നമുക്കു ദൈവത്തെ അറിയുവാൻ കഴിയുകയുള്ളു. ദൈവീകകാര്യങ്ങളിൽ സന്തോഷിക്കുവാൻ കഴിയുന്ന ഒരു തുറന്ന ഹൃദയവുമായി വരുന്ന അനുഭവമാണ് മനുഷ്യനുവേണ്ടിയത്.

## ദൈവത്തെക്കുറിച്ച് മനുഷ്യന്റെ വീക്ഷണഗതിക്കുള്ള സ്വാധീനം

ദൈവത്തെക്കുറിച്ച് മനുഷ്യനുള്ള അഭിപ്രായത്തിന്, അവന്റെ മേലും, അവന്റെ സ്വഭാവത്തിന്മേലും അവന്റെ ജീവിത രീതിയുടെമേലും വലിയ സ്വാധീനത ഉണ്ടായിരിക്കും. അങ്ങനെ

അതു അവന്റെ ജീവിതത്തെ മുഴുവൻ നിയന്ത്രിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു. ദൈവം കരുത്തനും പ്രതികാര സ്വഭാവമുള്ളവനുമാണെന്നാണ് ഒരു മനുഷ്യന്റെ വിശ്വാസമെങ്കിൽ, അവന്റെ ജീവിതത്തിന്റെ ആദർശം മിക്കവാറും ക്രൂരവും മുൻവിധിയോടുകൂടിയതും തന്നേക്കാൾ ബലഹീനരായവരെ ഉപദ്രവിക്കുന്ന പ്രകൃതത്തോടു കൂടിയതുമായിരിക്കും.

എന്റെ ജീവിതം ഏറ്റവും മനോഹരവും പരിപൂർണ്ണവുമായ നിലയിൽ പടുത്തുയർത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ക്രിസ്തു വെളിപ്പെടുത്തിയിരിക്കുന്ന നിലയിൽ ഞാൻ ദൈവത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു; അതായത് സ്വർഗ്ഗീയ പൈതൃകത്തിന്റെ പൂർണ്ണരൂപം വെളിപ്പെടുത്തിയിരിക്കുന്ന സ്നേഹവാനും കരുണാസമ്പന്നനുമായ സ്വർഗ്ഗസ്ഥ പിതാവായി ദൈവത്തെ ഞാൻ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ, ഞാൻ ആത്മാവുകൊണ്ടു ആരാധിക്കുന്ന എന്റെ ദൈവത്തിൽ കണ്ടെത്തിയിട്ടുള്ള ഏതാനും സ്വഭാവ വിശേഷതകളെ നിങ്ങളുടെ മുമ്പാകെ നിരത്തിവെയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. എന്റെ ദൈവം സർവ്വശക്തനാണെന്ന് ഞാൻ കണ്ടെത്തിയിരിക്കുന്നു. അവന്റെ അത്യുന്നതമായ ഉദ്ദേശ്യത്തോടുള്ള ബന്ധത്തിലാണ് ദൈവത്തിന്റെ സർവ്വശക്തി ക്രിസ്തുമതത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവം മനുഷ്യവർഗ്ഗത്തെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം സാഹോദര്യവും സ്നേഹവുമാണെന്നു അവൻ എന്നോടും മറ്റുള്ളവരോടും പ്രഖ്യാപിച്ചിരിക്കുന്നു. മനുഷ്യവർഗ്ഗത്തെ മുഴുവൻ ഒറ്റ കുടുംബമായിട്ടാണ് അവൻ സൃഷ്ടിച്ചിരിക്കുന്നത്. ഈ ലക്ഷ്യം സാധിക്കുവാൻ ഒരു പ്രത്യേക ഗുണവിശേഷം ആവശ്യമാണ്. ആ ഗുണവിശേഷമാണ് സ്നേഹം. ദൈവം സർവ്വശക്തനാകയാൽ, മനുഷ്യന് തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നല്കിയതിനു ശേഷം, തനിക്കു തോന്നിയതുപോലെ ദൈവം ആ സ്വാതന്ത്ര്യത്തെ നിരോധിക്കുമെന്നു എനിക്കു വിചാരിക്കുവാൻ കഴികയില്ല. അങ്ങനെയായാൽ മനുഷ്യൻ ചെയ്യുവാൻ

ആഗ്രഹിക്കാത്ത കാര്യങ്ങൾ അവൻ ചെയ്യേണ്ടതായി വരും.

ദൈവത്തിന്റെ സർവ്വശക്തി മനുഷ്യനോടുള്ള അവന്റെ സ്നേഹത്തിന് സമാന്തരമായിട്ടാണ് പോകുന്നത്. സ്നേഹം പ്രകടിപ്പിക്കുന്നത് നിർബന്ധത്താലല്ല, ക്ഷമമൂലമാണ്. ദൈവത്തെ "ദീർഘക്ഷമയുള്ളവൻ" എന്നും "കരുണാസമ്പന്നൻ" എന്നും വിവരിച്ചിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല.

2. എന്റെ ദൈവം സർവ്വജ്ഞാനിയാണെന്നു ഞാൻ മനസ്സിലാക്കുന്നു. ദൈവത്തിന്റെ സമ്പൂർണ്ണജ്ഞാനത്തിന്റെ അത്ഭുതങ്ങളാണ് പ്രകൃതിയിൽ കാണുന്ന ഓരോ ഇലയിൽ കൂടിയും ഞാൻ ദർശിക്കുന്നത്. നക്ഷത്രങ്ങളും, ഗ്രഹങ്ങളും, ആകാശഗംഗങ്ങളും അവർണ്ണനീയമായ വേഗത്തിൽ, അതിന്റെ സഞ്ചാരപഥത്തിന് യാതൊരു മാറ്റവും വരാതെ, അനന്തമായ ആകാശവിഹായസ്സിൽക്കൂടി സഞ്ചരിക്കുന്നത് ദൂരദർശിനിമൂലം നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്. ഇതെല്ലാം പ്രതിഫലിപ്പിക്കുന്നത് ദൈവത്തിന്റെ ജ്ഞാനത്തെയാണ്. ദിനരാത്രങ്ങളും കാലങ്ങളും മാറിമാറി വരുന്നത് ദൈവജ്ഞാനത്തെ വെളിപ്പെടുത്തുന്നു. പരിതഃസ്ഥിതികൾക്കനുസരിച്ച് ഓരോരോ സ്ഥലങ്ങളിലുള്ള സസ്യാദികളെ ഭക്ഷിച്ചു ജീവിക്കുന്ന മൃഗങ്ങളും ആ സസ്യങ്ങളും തമ്മിലുള്ള ഉറ്റബന്ധത്തെ പ്രകടമാക്കുന്ന പ്രകൃതി നിയമത്തെക്കുറിച്ച് നാം പരിഗണിക്കുമ്പോഴും, സർവ്വശക്തനും സർവ്വജ്ഞാനിയുമായ ഒരു ദൈവം ഉണ്ടെന്നുതന്നെയാണ് നമുക്കു മനസ്സിലാക്കാവുന്നത്.

3. എന്റെ ദൈവം നീതിമാനാണെന്നും ഞാൻ കണ്ടിരിക്കുന്നു. കാരണം, മറ്റു മനുഷ്യരോടൊപ്പം എന്റെ ഉള്ളിലും തടസ്സം ചെയ്യുന്ന ഏതോ ഒന്ന് ഉണ്ടെന്നു ഞാൻ മനസ്സിലാക്കുന്നു. ഞാൻ തെറ്റു ചെയ്യുമ്പോൾ ആ ശക്തി എന്നെ വിലക്കുകയും മുന്നറിയിപ്പ് തരികയും ശരിയായ കാര്യങ്ങൾ ചെയ്യുവാൻ ഉപദേശിക്കുകയും ചെയ്യുന്നു. ഈ ആന്തരീക ശക്തി അഥവാ മനസ്സാക്ഷിക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. മനുഷ്യന് ഇങ്ങനെ ഒരു മന:സ്സാക്ഷി നല്കിയിരിക്കുന്ന ദൈവം നീതിമാനാണെന്നുള്ളതിനു സംശയമില്ല. ന്യായവിധിനാളിൽ ദൈവത്തിന്റെ വിധിയെ ഈ

മന:സാക്ഷിമൂലം ഞാൻ അംഗീകരിക്കേണ്ടിവരും. ന്യാവിധിയുടെ നിത്യമായ പ്രമാണം ഈ മന:സാക്ഷിയായിരിക്കും. നന്മപ്രവർത്തിക്കുന്നവർക്കു പ്രതിഫലവും പാപം ചെയ്തവർക്കു ശിക്ഷയും ലഭിക്കുന്നതും അതേ ബന്ധത്തിൽ തന്നെയാണ്. ദൈവം പരിപൂർണ്ണമായും വിശുദ്ധനാണെന്നും മന:സാക്ഷി എന്നോടു സാക്ഷികരിക്കുന്നു. എന്റെ സ്വയനീതിക്കെതിരായി ദൈവം പാപത്തെ വെറുക്കുന്നു. മനുഷ്യന് ലഭിച്ചിരിക്കുന്ന ധാർമ്മികമായ സ്വാതന്ത്ര്യത്തെ അവൻ ദുരുപയോഗപ്പെടു ത്തിയതിന്റെ ഫലമായി, ഒരു ശത്രുവിനെപോലെ മനുഷ്യ ജീവിതത്തിലേക്കു കടന്നുവന്ന പാപത്തെ ജയിക്കുവാൻ വേണ്ട സഹായം ചെയ്തുതരുവാൻ ദൈവം ഒരുക്കമുള്ളവനാകയാൽ എന്റെ മന:സ്സാക്ഷി സംതൃപ്തമായിരിക്കുന്നു.

4. എന്റെ ദൈവത്തിൽ കരുണ ഉള്ളതായി ഞാൻ മനസ്സിലാക്കുന്നു. അവന്റെ കരുണ, അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി ഏല്പിച്ചുകൊടുത്ത കർത്താവായ യേശുക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. എന്റെ മന:സ്സാക്ഷിയിൽകൂടി പരിശുദ്ധാത്മാവ് സാക്ഷീകരിക്കുന്നതെ ന്തെന്നാൽ, ഒരു സ്വേച്ഛാധിപതി തന്റെ പ്രജകളോടു കാണിക്കുന്ന കരുണപോലെ, സ്വയത്തിൽനിന്നും ഉത്ഭവിക്കുന്ന കരുണയല്ല ക്രിസ്തുവിന്റെ കരുണയെന്നാണ്; സ്വേച്ഛാധിപത്യമെങ്കിൽ അതു സാത്താന്യമാകുമായിരുന്നു; ദൈവനിശ്വസ്തമാകയുമില്ല. കാരണം, ദൈവം ഒരിക്കലും പക്ഷപാതം കാണിക്കുന്നവനല്ല. മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തിൽനിന്നുമാണ് അവന്റെ കരുണ ഉത്ഭവിക്കുന്നത്. ഇക്കാര്യം സുവിശേഷത്തിൽ പ്രഖ്യാപിച്ചിരിക്കുന്നതു നോക്കുക; "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3 : 16).

അതേ, ദൈവം സൃഷ്ടിച്ച ഓരോ മനുഷ്യനെയും അവൻ സ്നേഹിക്കുന്നു. യാതൊരു വിവേചനവും കൂടാതെ അവന്റെ സ്നേഹം എല്ലാവരോടും ക്ഷമിക്കുന്നു. അങ്ങനെ മനുഷ്യനെ

സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം മുഴുവനും നിറവേറുവാൻ അവൻ ആഗ്രഹിക്കുന്നു. ഈ ഉദ്ദേശ്യം എന്നു പറയുന്നത് അവനുമായുള്ള കൂട്ടായ്മയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ദൈവത്തിന്റെ കരുണ ഒരു പാപിയേയും അവന്റെ പാപത്തെയും തമ്മിൽ വിവേചിക്കുന്നു. ദൈവം പാപത്തെ വെറുക്കുന്നുവെങ്കിലും പാപിയെ സ്നേഹിക്കുന്നു; മനുഷ്യനോടുള്ള ദൈവത്തിന്റെ കരുണയിൽ അവൻ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. ദൈവം പ്രഖ്യാപിക്കുന്നതു ശ്രദ്ധിക്കുക; "നിത്യസ്നേഹംകൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ നിനക്കു ദയ ദീർഘമാക്കിയിരിക്കുന്നു." (യിരെ 31 : 3).

5. എന്റെ ദൈവത്തെ ദയ നിറഞ്ഞവനും സ്നേഹവാനുമായ പിതാവായി ഞാൻ മനസ്സിലാക്കുന്നു. നമ്മുടെ മനസ്സുകൾ പരിമിതമായതിനാൽ ദൈവത്തിനു യോജിച്ച ഒരു പേരു കണ്ടുപിടിക്കാൻ നമുക്കു കഴികയില്ല. മാനുഷിക വിവരണം അനുസരിച്ചു മാത്രമെ നമുക്കു ചിന്തിക്കുവാൻ കഴികയുള്ളു. ആകയാൽ തിരുവെഴുത്തുകളിൽ ദൈവത്തിനു നല്കപ്പെട്ടിരിക്കുന്ന പേരുകളെയാണ് നമുക്കു ആശ്രയിക്കാവുന്നത്. ബൈബിളിൽ ദൈവത്തിനു നൽകിയിരിക്കുന്ന ഏറ്റവും മനോഹരമായ നാമമാണ്, "പിതാവ്" എന്നുള്ളത്. സ്നേഹത്തിന്റെ മുഴുവൻ ആശയവും ഈ പേരിൽ നിന്നും നമുക്കു ലഭിക്കുന്നു.

ഈ പിതൃസ്നേഹത്തിന്റെ ഏറ്റവും മനോഹരമായ ദൃഷ്ടാന്തമാണ്. "മുടിയനായ പുത്രന്റെ" ഉപമയിൽ കൂടി കർത്താവായ യേശുക്രിസ്തു വിശദീകരിച്ചിരിക്കുന്നത്. ഈ ഉപമയിൽ ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നതായി കാണുന്നു. അതിൽ ഇളയമകൻ തനിക്കു പിതാവിൽ നിന്നും ലഭിച്ചിരുന്ന സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തി, തന്റെ അവകാശം പിടിച്ചുവാങ്ങി, ആ പണവുമായി അവൻ ദൂരദേശത്തേയ്ക്കു യാത്രയായി. ആ ഇളയമകൻ തന്റെ പിതാവിനോടു കാണിച്ച കൃതഘ്നതയുടെയും അനുസരണക്കേടിന്റെയും ഫലമായി ആ പിതാവിന്റെ സ്നേഹത്തിനു യാതൊരു കുറവും

സംഭവിക്കുന്നതായി കാണുന്നില്ല; കാരണം ആ മുടിയൻ പുത്രനെ ആ പിതാവ് അത്രയ്ക്കു സ്നേഹിച്ചിരുന്നു. വാസ്തവത്തിൽ ആ പിതാവിന്റെ സ്നേഹം വർദ്ധിക്കുകയാണ് ചെയ്തത്. കാരണം തന്റെ ആ മകൻ അന്യദേശത്തുപോയി അവന്റെ കൈവശമുള്ള തെല്ലാം ചെലവഴിച്ചുകഴിയുമ്പോൾ അവൻ അവിടെ വളരെ ബുദ്ധിമുട്ടേണ്ടിവരുമല്ലോ എന്നോർത്തപ്പോൾ സ്നേഹ സമ്പന്ന നായ ആ പിതാവിന്റെ ഹൃദയം വേദനിച്ചു.

ആ അനുസരണംകെട്ട മകനോട് പിതാവിന്റെ ഹൃദയത്തിൽ യാതൊരു പകയോ വിദ്വേഷമോ ഉണ്ടായില്ല; പ്രത്യുത, അവൻ മടങ്ങിവന്ന് തന്റെ ഭവനത്തിൽ അവനുള്ള സ്ഥാനം ഏറ്റെടുക്കുവാൻ വേണ്ടി ആ പിതാവ് ആകാംക്ഷപൂർവ്വം കാത്തിരുന്നു. ആകയാൽ, കാത്തിരിപ്പിന്റെ വേദനയും പ്രയാസവുമെല്ലാം സ്നേഹം ക്ഷമയോടെ സഹിക്കുന്നു.

ചുരുക്കത്തിൽ, ക്രിസ്തീയ വീക്ഷണത്തിൽ ദൈവം, സർവ്വ മാനവരാശിക്കും വേണ്ടിയുള്ള സ്നേഹവാനായ ദൈവമാണ്. ഈ ദൈവസ്നേഹത്തിന് മനുഷ്യൻ യോഗ്യനായതുകൊണ്ടോ അവന്റെ ഭാഗത്തു എന്തെങ്കിലും നന്മ ഉണ്ടായതുകൊണ്ടോ അല്ല. ദൈവം സ്നേഹവാനായതുകൊണ്ട് മാത്രമാണ് അവൻ മനുഷ്യനെ സ്നേഹിക്കുന്നത്. യോഹന്നാൻ അപ്പൊസ്തലൻ ദൈവ സ്നേഹത്തിന്റെ ആഴത്തെകുറിച്ച് ധ്യാനിക്കുമ്പോൾ പറയുന്നതു നോക്കുക ; ‘‘ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു” (1 യോഹ. 4:16).

✳ ✳ ✳

# അദ്ധ്യായം 2

## ചോദ്യം :-

1. *ത്രിത്വത്തെക്കുറിച്ചുള്ള നിങ്ങളുടെ ഉപദേശം ഏതിനെ അടിസ്ഥാനമാക്കിയതാണ്?*
2. *ക്രിസ്തുമതത്തിൽ "ഉഖ്നും" എന്ന വാക്കിന്റെ അർത്ഥമെന്താണ് ?*

A.M.Asgut, Egypt.

വാസ്തവത്തിൽ നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് എനിക്കു അറിഞ്ഞുകൂടാ. നിങ്ങളുടെ ചില സംശയങ്ങൾക്കു പരിഹാരം കാണുക എന്നുള്ളതാണോ, അതോ വിമർശന രൂപേണ ചില പ്രശ്നങ്ങൾ ഉണ്ടാക്കുകയാണോ നിങ്ങളുടെ ഉദ്ദേശ്യം? അഥവാ, ചില പുതിയ സത്യങ്ങൾ പഠിക്കുവാൻ നിങ്ങൾ ആഗ്രഹിക്കയാണോ?

നിങ്ങളുടെ ഉദ്ദേശ്യം എന്തുതന്നെയായാലും, ആദിമ ക്രിസ്ത്യാനികളുടെ ഇടയിൽ വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ഉപദേശം എങ്ങനെ വളർന്നു വികസിച്ചു എന്ന് സഭാ ചരിത്രത്തിൽ നിന്നു നിങ്ങൾക്കു മനസ്സിലാക്കാവുന്നതാണ്. ചില സഭാ പിതാക്കന്മാർക്കു ഈ ഉപദേശത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകയും പ്രസ്തുത സത്യം പഠിക്കുന്നതിനും അംഗീക രിക്കുന്നതിനും വേണ്ടി അഥവാ തിരസ്കരിക്കുന്നതിനുവേണ്ടി തങ്ങളുടെ അഭിപ്രായം പൊതു സുന്നഹദോസുകളിൽ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉപദേശത്തിൽ ക്രിസ്തീയ സഭയിൽ ഏകാഭിപ്രായം ഉണ്ടാകാത്തതിനാൽ അവർ തമ്മിൽ ഭിന്നിക്കുവാൻ ഇടയായിട്ടുണ്ട്; അറിയുസിന്റെ ദുരുപദേശം പോലെയുള്ള ചില ഭിന്നതകൾ കാലക്രമേണ ഇല്ലാതായിട്ടുണ്ട്, എന്നാൽ നെസ്തോറിയാൻ സഭാ ഉപദേശം പോലെയുള്ള ചിലതു നിലനില്ക്കുകയും ചെയ്തു.

മതഭക്തിയിലുള്ള തീക്ഷ്ണത വർദ്ധിച്ച് മതഭ്രാന്തായി രൂപം പ്രാപിക്കുകയും, തങ്ങളുടെ അഭിപ്രായത്തോടു യോജിക്കാത്തവരെ ദുരുപദേശക്കാർ എന്നു മാത്രമല്ല ക്രിസ്തുവിനോടു ബന്ധമില്ലാത്ത നാസ്തികരെന്നുപോലും മുദ്രയടിക്കുവാൻ സഭ മുതിർന്നിട്ടുണ്ട്.

ലഭിച്ചിരിക്കുന്ന ക്രിസ്തീയ രേഖകൾ അനുസരിച്ച് ആദിമ സഭ ത്രിത്വോപദേശത്തെക്കുറിച്ച് വളരെ ഒന്നും ചിന്തിച്ചിരുന്നില്ല എന്നുവേണം അനുമാനിക്കുവാൻ. പിന്നീടുള്ള സഭാ ചരിത്രത്തിൽ നിന്നും നാം മനസ്സിലാക്കുന്നത് ഈ ഉപദേശം അത്യുന്നതമാണെന്നും, ആകയാൽ അതിന്റെ അടിസ്ഥാനം മുതൽ തുടങ്ങിയെങ്കിലേ അതു ശരിയായി ഗ്രഹിക്കുവാൻ കഴികയുള്ളൂ എന്നുമാണ്. ക്രിസ്തുവിനെ യഥാർത്ഥമായി വിശ്വസിക്കുന്നവരും, അവൻ തന്നെപറ്റിയും പിതാവായ ദൈവത്തോടു തനിക്കുള്ള ബന്ധത്തെപ്പറ്റിയും പറഞ്ഞ കാര്യങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത് വിശ്വസിക്കുന്നവരും, ദൈവത്തിന്റെ പ്രകൃതിയെക്കുറിച്ച് സൂക്ഷ്മനിരീക്ഷണം നടത്തിയാൽ ത്രിത്വോപദേശം സത്യമാണെന്ന് അംഗീകരിക്കാതിരിക്കയില്ല.

ആകയാൽ മുസ്ലീം സഹോദരന്മാരോ ഇതര മതങ്ങളിൽപ്പെട്ടവരോ സുവിശേഷത്തെക്കുറിച്ചും ക്രിസ്തീയ ഉപദേശങ്ങളെക്കുറിച്ചും ശരിയായി പഠിക്കുവാൻ വിമുഖത കാണിക്കുന്നതിൽ ക്രിസ്ത്യാനികൾക്കു ഖേദമുണ്ട്: കാരണം ത്രിത്വത്തെക്കുറിച്ചുള്ള രഹസ്യം മനസ്സിലാക്കണമെങ്കിൽ ബൈബിളിലെ ആഴമായ സത്യങ്ങൾ പഠിക്കേണ്ടിയിരിക്കുന്നു. ഈ സത്യങ്ങൾ പഠിക്കുവാനുള്ള ശരിയായ മാർഗ്ഗം, ക്രിസ്തുവിനെക്കുറിച്ചും അവന്റെ ഉപദേശങ്ങളെക്കുറിച്ചും അവന്റെ ആത്മീയാധികാരത്തെക്കുറിച്ചും ആന്തരിക ജീവിതത്തിൽ അവനുള്ള സ്വാധീനത്തെക്കുറിച്ചും മനസ്സിലാക്കുകയാണെന്നുള്ള യാഥാർത്ഥ്യം മുസ്ലീം സ്നേഹിതന്മാർക്ക് അറിഞ്ഞു കൂടാ എന്നുള്ളതാണ് ഏറ്റവും പരിതാപകരമായ കാര്യം. വാസ്തവത്തിൽ ആരെങ്കിലും ക്രിസ്തുവിനെക്കുറിച്ച് കൂടുതലായി പഠിക്കുവാൻ ശ്രമിച്ചാൽ ത്രിത്വത്തെക്കുറിച്ചുള്ള ഉപദേശവും അവനു

ബോദ്ധ്യമാകും. ക്രിസ്തുവിനെ സ്വീകരിക്കുന്നതിൽ അവന് തടസ്സമൊന്നും ഉണ്ടാകയില്ല. അവന് പാപക്ഷമ ലഭിക്കുകയും അവന്റെ ജീവിതത്തിൽ ക്രിസ്തുവിനുള്ള സ്വാധീനത്തെക്കുറിച്ച് അവന് ബോദ്ധ്യം വരികയും ചെയ്യും. മാത്രമല്ല, ക്രിസ്തുവിന്റെ ആളത്വത്തിന്റെ മർമ്മത്തെക്കുറിച്ച് കൂടുതലായി ചിന്തിക്കാതെയും സങ്കീർണ്ണമായ പ്രശ്നങ്ങളെക്കുറിച്ച് ഭാരപ്പെടാതെയും തനിക്കു നിത്യജീവൻ ലഭിച്ചു എന്നുള്ള ധൈര്യത്തിൽ അവൻ എത്തിച്ചേരുന്നതാണ്. ബൈബിളിൽ കാണുന്ന സാമാന്യമായ ഏതു പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാനും അവന് കഴിയും. അങ്ങനെ പ്രവാചക പുസ്തകങ്ങളിൽ യെശയ്യ പ്രവാചകൻ ദൈവനിശ്വസ്തമായി ക്രിസ്തുവിനെക്കുറിച്ച് പറയുന്ന കാര്യങ്ങൾ ഗ്രഹിക്കുവാനും പ്രയാസം ഉണ്ടാകയില്ല. ശ്രദ്ധിക്കുക; "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ. 9 :6). ക്രിസ്തു അവകാശപ്പെടുന്നതും ശ്രദ്ധിക്കുക; ''ഞാനും പിതാവും ഒന്നാകുന്നു" (യോഹ. 10 : 30). "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (യോഹ. 14 : 9). "ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് വിശ്വസിപ്പിൻ" (യോഹ. 14 : 11).

ഈ ചിന്താഗതി മുസ്ലീം സ്നേഹിതന്മാർക്കു അംഗീകരിപ്പാൻ പ്രയാസമായിക്കും. ഏതായാലും മറ്റു നബിമാരേക്കാളും അപ്പൊസ്തലന്മാരേക്കാളും ഉപരിയായി ഈസാനബി ചെയ്തിട്ടുള്ള അത്ഭുതപ്രവൃത്തികളെക്കുറിച്ച് ഖുർ-ആനിൽ നമുക്ക് കാണാവുന്നതാണ്. ഖുർ-ആനിൽനിന്നുള്ള ചില ഉദ്ധരണികൾ താഴെ ചേർക്കുന്നു.

"മറിയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിങ്കൽ നിന്നുമുള്ള വചനവും അവന്റെ ആത്മാവുമാണ്.........അവൻ ഇഹത്തിലും പരത്തിലും ആദരണീയനും, സുകൃതികളിൽ പെട്ടവനുമാകുന്നു........അവൻ കളിമണ്ണുകൊണ്ട് പക്ഷിയുടെ രൂപം

ഉണ്ടാക്കുകയും അതിൽ ഊതുകയും ചെയ്തപ്പോൾ അതൊരു ജീവനുള്ള പക്ഷിയായി തീരുകയും ചെയ്തു.......അവൻ മരിച്ചവരെ ജീവിപ്പിക്കുകയും കുരുടനേയും കുഷ്ഠരോഗിയേയും സുഖപ്പെടുത്തുകയും ചെയ്യുന്നു" സൂറാ. 3:45; 4:171; 5:110.

ആദിമനൂറ്റാണ്ടുകളിൽ ക്രിസ്തുവിന്റെ അത്ഭുതകൃത്യങ്ങളെ വിവരിക്കുവാൻ വേണ്ടി ക്രിസ്ത്യാനികൾ സർവ്വസമ്മതമായി അംഗീകരിച്ചിരുന്ന ഒരു അറബി വാക്കാണ് "ഉഖ്നും" എന്നുള്ളത്. ഗ്രീക്കിൽ നിന്നുമാണ് ഈ വാക്ക് ഉത്ഭവിച്ചിട്ടുള്ളത്. "ഏക സത്യദൈവമായ ദൈവീക ത്രിത്വത്തിലെ സത്ത്" എന്നാണ് ആ വാക്കിന്റെ ആശയം. "ത്രിത്വത്തിലെ ഒരു വ്യക്തി" എന്നാണ് ഇംഗ്ലീഷിൽ അതിന്റെ സാരം. ദൈവീക പ്രതൃതിയെക്കുറിച്ച് പരിശോധിക്കുന്നത് അവിശ്വാസത്തിലേക്കോ നാസ്തികത്വത്തിലേക്കോ പോകുന്നതിനു തുല്യമാണെന്നുള്ള ചിന്താഗതിയെ ക്രിസ്ത്യാനികളായ ഞങ്ങൾ അംഗീകരിക്കുന്നില്ല. എന്നാൽ ദൈവീകസത്തയുടെ യാഥാർത്ഥ്യം കണ്ടുപിടിക്കുവാൻ കഴിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ദൈവത്തിന്റെ ചിന്ത മനുഷ്യന്റെ ചിന്തയേക്കാൾ ഉന്നതമാണെന്നും അവന്റെ വഴികൾ നമ്മുടെ വഴികളേക്കാൾ ഉത്തമമാണെന്നും ഞങ്ങൾ അംഗീകരിക്കുന്നു. വേറെ നിലയിൽ പറഞ്ഞാൽ ദൈവത്തിന്റെ പ്രകൃതിയും സ്വഭാവവും മനുഷ്യന് ചിന്തിക്കുവാൻ കഴിയുന്നതിനേക്കാൾ ഉന്നതമായതും മനുഷ്യനാവുകളാൽ വ്യക്തമായി വിവരിക്കുവാൻ അസാദ്ധ്യമായതുമാണ്. ഏതായാലും വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ഉപദേശം ശാസ്ത്രീയമായി തെളിയിക്കുവാൻ കഴിയുമെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല; അതുപോലെ ദൈവം ഉണ്ടെന്നു തെളിയിക്കുവാനും ശാസ്ത്രീയമായോ താത്വികമായോ മനുഷ്യന് സാദ്ധ്യമല്ല. എന്നിരുന്നാലും അനേകം ശ്സ്ത്രജ്ഞന്മാരും തത്വജ്ഞാനികളും ദൈവം ഉണ്ടെന്നുള്ള സത്യം അംഗീകരിക്കുന്നുണ്ട്. ആ സത്യം തെളിയിക്കുവാൻ അവർക്കു കഴിയുകയില്ല എന്നുവരികിലും. അതുപോലെതന്നെയാണ്. ത്രിത്വത്തെക്കുറിച്ചുള്ള ഉപദേശവും,

ഈ സത്യം വിശുദ്ധതിരുവെഴുത്തുകളിൽ നിന്നും കണ്ടെടുത്തി ട്ടുള്ളതും, താത്വികമായി തെളിയിക്കുവാൻ കഴിയുമോ എന്ന് ചിന്തിക്കാതെതന്നെ ക്രിസ്തീയ സഭ അംഗീകരിച്ചിട്ടുള്ളതുമാണ്.

കാര്യം എന്തുതന്നെയായാലും, ക്രിസ്തീയമായ മറ്റു ഉപദേശങ്ങളെപോലെതന്നെ ത്രിത്വത്തെക്കുറിച്ചുള്ള ഉപദേശവും ക്രിസ്തുവിന്റെ ആദ്യകാലശിഷ്യന്മാരുടെ മാർഗ്ഗത്തിൽനിന്നും വ്യതിചലിച്ചുപോകുന്നവർക്കുള്ളതല്ല. ക്രിസ്തുവിന്റെ ശിഷ്യന്മാർ ഈ ഉപദേശങ്ങൾ എല്ലാം സ്വീകരിച്ചിട്ടുള്ളത് ബുദ്ധിപരമായി ചിന്തിച്ചല്ല, അനുഭവത്തിൽ കൂടിയാണ്. വ്യക്തിപരമായ ആത്മീയാനുഭവത്തിൽ കൂടിയല്ലാതെ ബുദ്ധിപരമായി മാത്രം ഈ മാർഗ്ഗം സ്വീകരിച്ചാൽ അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല. കാരണം ക്രിസ്തു തന്നെ പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക; ‘‘എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്" (മത്താ. 7:21). അതിന്റെ സാരം ഇതാണ്. കേവലം മതപരമായ ഒരു വിശ്വാസംകൊണ്ടുമാത്രം കാര്യമായില്ല;ആ മതഭക്തി അവന്റെ ജീവിതത്തിൽ ഒരു തികഞ്ഞ യാഥാർത്ഥ്യമായി തീരണം.

സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന ക്രിസ്തുവിനെ യാഥാർത്ഥത്തിൽ മനസ്സിലാക്കുകയും വ്യക്തിപരമായ ജീവിതത്തിൽ അവനെ അനുഭവിച്ചറിയുകയും ചെയ്യാത്ത ഒരു മുസ്ലീം സ്നേഹിതനോ ഇതരമതസ്ഥനോ ത്രിത്വത്തെക്കുറിച്ചുള്ള ഉപദേശം അംഗീകരിക്കാത്തതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. ത്രിത്വോപദേശത്തെ ഏതായാലും ഖുർ–ആൻ നിഷേധിക്കുന്നുണ്ട്. “മൂന്ന് എന്ന് പറയരുത്, അതു നിറുത്തുക, അതാണ് നിനക്കു നല്ലത്” എന്നു ഖുർ–ആൻ അനുശാസിക്കുന്നു (4 : 17). ചില അമിതവാദിക ളുടെ ചിന്താഗതിയുടെ നിരസനമാണിത്. ക്രിസ്തീയ അടിസ്ഥാ നോപദേശത്തിൽ ഇങ്ങനെ ഒരു ചിന്താഗതി ഇല്ല. ക്രിസ്ത്യാ നികളുടെ ഉപദേശസത്യങ്ങളിൽ മുസ്ലീം സ്നേഹിതന്മാർക്കു വേണ്ടത്ര അറിവില്ല എന്നും ക്രിസ്ത്യാനികളുടെ ഇടയിലുള്ള

ദുരുപദേശങ്ങളെക്കുറിച്ച് അവർ അജ്ഞരാണെന്നും ഇതു തെളിയിക്കുന്നു. ഖുർ–ആനിലെ പ്രസ്താവനയിൽനിന്നും ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്; "അല്ലാഹു മറിയമിന്റെ മകൻ മസീഹ് ഈസായോടു പറഞ്ഞു: "നീ ജനത്തോടു, അല്ലാഹുവിനെ കൂടാതെ എന്നെയും എന്റെ മാതാവിനെയും രണ്ടു ദൈവങ്ങളായി അംഗീകരിക്കണമെന്നു പറഞ്ഞുവോ?"

ഈ അഭിപ്രായം ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്ന ദുരുപദേശക്കാരുടെ വാദഗതിമാത്രമായിരുന്നു; അല്ലാതെ യഥാർത്ഥ ക്രിസ്ത്യാനികൾ, സഭാചരിത്രത്തിലെ ഒരു കാലഘട്ടത്തിലും ഈ ഉപദേശം അംഗീകരിച്ചിരുന്നില്ല.

സത്യാന്വേഷകരായ മുസ്ലീം സ്നേഹിതന്മാർ ക്രിസ്തീയ സഭാചരിത്രം ശരിയായി പഠിക്കണമെന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു; അങ്ങനെയെങ്കിൽ മാത്രമേ ത്രിത്വോപദേശ ത്തെക്കുറിച്ചുള്ള ക്രിസ്തീയ ചിന്താഗതി എന്തെന്ന് മനസ്സിലാ ക്കുവാൻ അവർക്കു കഴിയുകയുള്ളൂ. അങ്ങനെ ചെയ്യുമെങ്കിൽ, ഈ ഉപദേശം കെട്ടുകഥയേയോ ഊഹാപോഹങ്ങളേയോ അടിസ്ഥാനമാക്കിയുള്ളതല്ല എന്നും, നേരെമറിച്ച് ക്രിസ്തുവും പിതാവായ ദൈവവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള രഹസ്യം ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്നതിനെ അടിസ്ഥാന മാക്കിയുള്ളതാണെന്നും അവർക്കു ബോദ്ധ്യമാകും.

ബൈബിളിലെ പുതിയനിയമ പുസ്തകങ്ങൾ ആത്മാർ ത്ഥമായും വിശദമായും പഠിക്കുവാൻ മുസ്ലീം സഹോദരന്മാർ തുനിഞ്ഞാൽ ക്രിസ്ത്യാനികളും മുസ്ലീംകളും തമ്മിലുള്ള ഈ ചർച്ച വളരെ എളുപ്പമാകുമായിരുന്നു. സുവിശേഷങ്ങളിൽ കാണുന്ന ക്രിസ്തുവിന്റെ അന്ത്യവാക്കുകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള ഒരു വ്യാഖ്യാനമാണ് ത്രിത്വോപദേശം എന്ന കാര്യം മുസ്ലീം സ്നേഹിതന്മാർ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ ആ പ്രസ്താവന ഇപ്രകാരമാണ്: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു; ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ

നിങ്ങളോട് കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട് എന്നരുളുച്ചെയ്തു" (മത്താ. 28:18-20)

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ" (2കൊരി. 13:14)

✳ ✳ ✳

## അദ്ധ്യായം 3

**ചോദ്യം:-**

*"സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമാണ് ക്രിസ്തു" എന്നു വിശ്വാസപ്രമാണം പറയുന്നു. അവൻ ദൈവമാണെങ്കിൽ, പിശാച് അവനെ എങ്ങനെയാണ് ഒരു മലയുടെ മുകളിൽ കൊണ്ടുപോകുകയും ഭൂമിയിലെ എല്ലാ രാജ്യങ്ങളേയും അവന് കാണിച്ചുകൊടുക്കുകയും, വീണു സാത്താനെ ഒന്നു നമസ്കരിച്ചാൽ അവയെ മുഴുവനും ക്രിസ്തുവിന് കൊടുക്കാമെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തത്? ദൈവത്തേക്കാൾ താണ ഒരു സൃഷ്ടിക്കു എങ്ങനെയാണ് ദൈവമാകുന്ന ക്രിസ്തുവിനെ പരീക്ഷിക്കുവാൻ കഴിയുന്നത് ? "*

S.M.Cario Egypt

അല്ലയോ പ്രിയ സ്നേഹിതാ, ആ വിശ്വാസപ്രമാണം നിങ്ങൾ തുടർന്നു വായിച്ചിരുന്നുവെങ്കിൽ കൂടുതൽ നന്നായിരുന്നു......... ''അവൻ മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരികയും പരിശുദ്ധാത്മാവിനാൽ കന്യകമറിയാമിൽ ജഡമെടുക്കുകയും മനുഷ്യനായി തീരുകയും ചെയ്തു".

ആകയാൽ ആ ചോദ്യം ഇപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്. "ദൈവം എങ്ങനെയാണ് പരീക്ഷിക്കപ്പെടുക" എന്നതിനു പകരം "ഒരേ സമയം മനുഷ്യനും ദൈവവുമായിരിക്കുന്ന ഒരു വ്യക്തി എങ്ങനെയാണ് പരീക്ഷിക്കപ്പെടുക?" എന്നു ചോദിക്കേണ്ടതാണ്. ആകയാൽ നിങ്ങൾ ഉദ്ദേശിച്ച നിലയിലല്ല പ്രശ്നം കിടക്കുന്നത്. ക്രിസ്തു ദൈവമായിരിക്കുന്ന നിലയിൽ പരീക്ഷിക്കപ്പെട്ടു എന്നു ക്രിസ്ത്യാനികൾ പറയാറില്ല; എന്നാൽ അവൻ പരീക്ഷിക്കപ്പെട്ടത് ഒരു മനുഷ്യൻ എന്ന നിലയിലാണ്. ഒരു മനുഷ്യനെപ്പോലെതന്നെ

അവൻ പരീക്ഷയ്ക്കെതിരായി പോരാടുകയും ചെയ്തു. മനുഷ്യനെ സംബന്ധിച്ചിടത്തോളം പരീക്ഷിക്കപ്പെടുന്നതിൽ പാപമില്ല. പക്ഷെ പരീക്ഷിക്കപ്പെടുവാനായി മനുഷ്യൻ സ്വയമായി ഏല്പിച്ചു കൊടുക്കുകയും ആ പരീക്ഷ അവന്റെമേൽ വിജയം കൈവരിക്കുകയും ചെയ്യുമ്പോഴാണ് അതു പാപമായി തീരുന്നത്. ക്രിസ്തു സ്വമേധയാ തന്റെ ദൈവിക മഹത്വമെല്ലാം മാറ്റിവെച്ച് പരീക്ഷയെ നേരിടുകയായിരുന്നു. മനുഷ്യജീവിതത്തിൽ വരാമാകുന്ന പരീക്ഷകളെ ജയിക്കുന്നതിൽ ക്രിസ്തു ഒരു മാതൃക കാണിക്കുകയായിരുന്നു. ദൈവനിശ്വസ്തമായ തിരുവെഴുത്തു അവനെ വിവരിക്കുന്നതു നോക്കുക: “പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്......... താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ, പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു” (എബ്രാ. 4:15; 2:18) മനുഷ്യവർഗ്ഗത്തെ വളരെ കാലമായി വെല്ലുവിളിച്ചുകൊണ്ടിരുന്ന ഒരു പ്രശ്നത്തിനു പരിഹാരം, ക്രിസ്തുവിന്റെ പരീക്ഷയിൽ നമുക്ക് കാണാവുന്നതാണ് - അതായത് ആത്മീയമായി ഉന്നതനിലവാരം പുലർത്തുന്നവർക്കും കഠിനമായ പരീക്ഷ നേരിടാവുന്നതാണ്. പരീക്ഷ നേരിടുന്നതിനാൽ ദൈവം മനുഷ്യനെ തള്ളിക്കളഞ്ഞു എന്നു വിചാരിക്കേണ്ട കാര്യമില്ല; വാസ്തവം അതിനു നേരെ വിപരീതമാണ്. ഈ ബന്ധത്തിൽ അപ്പസ്തോലനായ യാക്കോബ് പറയുന്നത് ശ്രദ്ധിക്കുക: “നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് സ്ഥിരതയ്ക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ” (യാക്കോ 1: 2-4)

യഥാർത്ഥ പ്രശ്നത്തിലേക്കു ഇതുവരെയും നാം കടന്നില്ല. ആ പ്രശ്നങ്ങളുടെ പരിപൂർണ്ണമായ പരിഹാരം കാണുവാൻ ഈ ഭൂമിയിൽ വച്ച് നമുക്കു കഴികയില്ല. കാരണം ദൈവത്വവും മനുഷ്യത്വവും ഒരേ വ്യക്തിയിൽ എങ്ങനെ യോജിച്ചിരിക്കുന്നു എന്ന സത്യം ഗ്രഹിക്കേണ്ട പ്രശ്നമാണ് ഇതിൽ ഉൾക്കൊണ്ടിരിക്കുന്നത്.

മനുഷ്യവ്യക്തിത്വത്തിന്റെ സ്വഭാവം എന്തെന്നു മനസ്സിലാക്കുവാൻ വേണ്ടി അനേകവർഷങ്ങൾ പഠനം നടത്തിയിട്ടുള്ള മനഃശാസ്ത്രജ്ഞന്മാർക്കുപോലും സത്യത്തിന്റെ ചില കണികകൾ മാത്രമേ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടുള്ളു എന്ന കാര്യം നിങ്ങളുടെ ശ്രദ്ധയിലേക്കു കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങനെയെങ്കിൽ ദൈവവ്യക്തിത്വത്തെക്കുറിച്ച് നമുക്കു എങ്ങനെ മനസ്സിലാക്കുവാൻ കഴിയും? മനുഷ്യബുദ്ധിക്കു മനസ്സിലാക്കുവാൻ കഴിയുന്ന നിലയിൽ, ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്ന അളവിൽ മാത്രമേ നമുക്കു അവനെ അറിയുവാൻ കഴിയുള്ളു; ലോകത്തിലെ വലിയ ചിന്തകന്മാരിൽ ഒരാളായിരുന്ന അപ്പസ്തോലനായ പൌലോസ്, ദൈവാത്മ പ്രേരിതനായി കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് മഹത്വമാർന്ന അനേക കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്നു വരികിലും, ക്രിസ്തു എന്ന ആ അത്ഭുതപുരുഷനെക്കുറിച്ച് അപ്പൊസ്തലന് പറയുവാനുള്ളത്, “ഇപ്പോൾ ഞാൻ അംശമായി മാത്രം അറിയുന്നു” എന്നാണ് (1 കൊരി. 13:12). വാസ്തവത്തിൽ ദൈവത്വവും മനുഷ്യത്വവും ഒരേ വ്യക്തിയിൽ യോജിച്ചിരിക്കുന്നത് എങ്ങനെയെന്ന് ശരിയായി മനസ്സിലാക്കുവാൻ നമുക്കു കഴിയുകയില്ല. അവന്റെ വ്യക്തിത്വത്തെക്കുറിച്ച് യെശയ്യാ പ്രവാചകൻ പറയുന്ന വാക്കുകൾ നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ വ്യക്തിത്വത്തെ വിശദീകരിക്കുവാൻ പ്രവാചകന് കഴിയാതെ വന്നപ്പോൾ അവൻ പറയുന്നത്, “അവന് അത്ഭുതമന്ത്രി എന്നു പേർ വിളിക്കപ്പെടും” എന്നാണ് (യെശ. 9:6).

പ്രിയ സ്നേഹിതാ, നിങ്ങൾ തന്നെയും, ചിന്തിക്കുവാൻ കഴിവുള്ള ഒരു ആത്മാവും പ്രവർത്തിക്കുവാൻ കഴിയുന്ന ശരീരവുമുള്ള ഒരു സംയുക്ത ഘടകമാണെന്നുള്ള കാര്യം മറന്നുകളയരുത്. ആത്മാവും ശരീരവും തമ്മിലുള്ള ഈ യോജിപ്പ് ഇന്നും ഒരു അത്ഭുതമാണ്; അത് എങ്ങനെ ആരംഭിക്കുന്നു എന്നും, എങ്ങനെ നിലനിൽക്കുന്നു എന്നും, എങ്ങനെ പ്രവർത്തിക്കുന്നു എന്നും മനുഷ്യർക്കു ആർക്കും അറിഞ്ഞുകൂടാ. ഈ യോജിപ്പ് കേവലം ആകസ്മികമായി ഉണ്ടായതല്ല എന്നു നാം മനസ്സിലാക്കുന്നു. എന്നാൽ എല്ലാ ഘടകങ്ങളും പരിപൂർണ്ണ

യോജിപ്പിലാണ് പ്രവർത്തിക്കുന്നത്. ആത്മാവും ശരീരവും തമ്മിൽ യോജിച്ചിരിക്കുന്നതിനാൽ ആത്മാവിന്റെ പ്രവർത്തനംമൂലം ശാരീരിക പ്രവർത്തനങ്ങൾ ഇല്ലാതെ ആയിത്തീരുകയോ മാറ്റപ്പെടുകയോ ചെയ്യുന്നില്ല. ആകയാൽ നിങ്ങളുടെ സ്വന്തം വ്യക്തിത്വത്തിൽ ആത്മാവും ശരീരവും തമ്മിൽ യോജിച്ചിരിക്കുന്ന ഈ അത്ഭുത പ്രതിഭാസത്തിന് വ്യക്തമായ ഒരു വിശദീകരണം നൽകുവാൻ നിങ്ങൾക്കു കഴിയുമോ?

ദൈവത്തെക്കുറിച്ച് വളരെ പരിമിതമായ അറിവു മാത്രമുള്ള നമ്മുടെ അവസ്ഥ ഇതാണ്; ബലഹീനമായ നമ്മുടെ ബുദ്ധിക്കു മനസ്സിലാക്കുവാൻ കഴിവുള്ള നിലയിൽ മാത്രമേ ദൈവം നമുക്കു വെളിപ്പെട്ടിട്ടുള്ളു. നാം ഈ ഭൂമിയിൽ ആയിരിക്കുന്ന കാലത്തോളം ദൈവത്തെക്കുറിച്ചുള്ള രഹസ്യങ്ങൾ നമുക്കു മുഴുവനായി അറിയുവാൻ കഴികയില്ല എന്നു ഞാൻ വീണ്ടും പറയുന്നു. ഏതായാലും അപ്പോസ്തലനായ പൌലോസ് പരിശുദ്ധാത്മ നിശ്വസ്തനായി പറയുന്ന വാക്കുകൾ നമുക്കു ആശ്വാസ പ്രദമായിരിക്കുന്നു; "അപ്പോൾ ഞാൻ അറിയപ്പെട്ടതുപോലെ തന്നെ അറിയും".

അതുവരെയും, തിരുവെഴുത്തുകളിൽ ക്രിസ്തുവിന്റെ വ്യക്തിത്വത്തെ വെളിപ്പെടുത്തിയിരിക്കുന്ന അളവിൽ നമുക്കു തൃപ്തരായിരിക്കാം; അതായത് അവനിൽ ദൈവത്വവും മനുഷ്യത്വവും യോജിച്ചിരിക്കുന്നു. ഈ യോജിപ്പുമൂലം ക്രിസ്തു പരിപൂർണ്ണ മനുഷ്യനും പരിപൂർണ്ണ ദൈവവുമായി നമുക്കു വെളിപ്പെട്ടിരിക്കുന്നു; ഈ യോജിപ്പ് ഒരിക്കലും ഇല്ലാതെ പോകയോ മാറ്റപ്പെടുകയോ ചെയ്കയില്ല.

മനുഷ്യൻ എന്ന നിലയിൽ ക്രിസ്തു ന്യായപ്രമാണത്തിനായി കീഴ്പ്പെട്ടവനായി ജനിച്ചു. ഒരു ശിശുവായി അവൻ വളർന്നു. ഒരു യുവാവെന്ന നിലയിൽ അവൻ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കയും അവരുടെ ഉപദേശം കേൾക്കയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. ഒരു മനുഷ്യൻ എന്ന നിലയിൽ ക്രിസ്തു പരീക്ഷ സഹിച്ചു. എന്നാൽ ദൈവം എന്ന നിലയിൽ അവൻ

പ്രകൃതി ശക്തികളെ ശാസിച്ചു; അലറുന്ന കടലിനെ ശാന്തമാക്കി, മരിച്ചവരെ ഉയിർപ്പിച്ചു; അവൻ പാപങ്ങളെ മോചിച്ചു, കുഷ്ഠരോഗികളെ സൗഖ്യമാക്കി; അവന്റെ നാമത്തിൽ വിശ്വസിച്ച് അവനെ അംഗീകരിക്കുന്നവർക്കു ദൈവമക്കളായിത്തീരുവാൻ അവൻ അധികാരം നൽകി.

ഈ ചോദ്യത്തോടുള്ള ബന്ധത്തിൽ നിങ്ങൾക്കുണ്ടായ അമ്പരപ്പിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. അതുപോലെ, ക്രിസ്തു ദൈവമായിരിക്കെ എങ്ങനെ പരീക്ഷിക്കപ്പെടുവാൻ കഴിയും എന്നുള്ള നിങ്ങളുടെ ചോദ്യത്തിലും എനിക്കു എതിർപ്പില്ല. എന്നാൽ എന്റെ മറുപടി ഉപസംഹരിക്കുന്നതിനുമുമ്പെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പൗരോഹിത്യ ശുശ്രൂഷയെ ക്കുറിച്ച് നിങ്ങളെ പരിചയപ്പെടുത്തേണ്ടതാണെന്ന് എനിക്കു തോന്നുന്നു. ക്രിസ്തു മഹാപുരോഹിതനാണെന്ന് ബൈബിൾ വെളിപ്പെടുത്തുന്നു. നമ്മുടെ പരീക്ഷകളുടെ മദ്ധ്യത്തിൽ വലിയവനും കരുണയുള്ളവനുമായ ഒരു മഹാപുരോഹിതനെ സമീപിക്കുവാൻ നമുക്കു കഴിയുമെന്നുള്ള ചിന്ത വളരെ ആശ്വാസകരമാണ്. ആ ശ്രേഷ്ഠ മഹാപുരോഹിതന്റെ സൂക്ഷ്മ നിരീക്ഷണം നടത്തുന്ന കണ്ണുകൾക്കു മുമ്പിൽ നമ്മുടെ ഏതു നിസ്സാരപ്രശ്നങ്ങളും കൊണ്ടുവരുവാൻ കഴിയുന്നു എന്നറിയുന്ന തുതന്നെ വളരെ അനുഗ്രഹകരമാണ്. മറ്റുള്ളവരോട് പറയുവാൻ മടിക്കുന്ന ഏതു പരീക്ഷകളെക്കുറിച്ചും കർത്താവായ യേശു ക്രിസ്തുവിനോടു തുറന്നുപറയുവാൻ നാം ലജ്ജിക്കേണ്ട കാര്യമല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്ക പ്പെട്ടവനത്രെ നമുക്കുള്ള മഹാപുരോഹിതൻ; ആകയാൽ അവൻ കരുണയുള്ള മഹാപുരോഹിതനായിരിപ്പാൻ യോഗ്യതയുള്ള വനായി തീർന്നിരിക്കുന്നു. അങ്ങനെ നമ്മുടെ അനുതാപ പൂർണ്ണ മായ പ്രാർത്ഥനകളെ അവൻ സ്വീകരിക്കുകയും തക്കസമയത്തു അവന്റെ വിശുദ്ധ നിവാസത്തിൽ നിന്നും നമുക്കു സഹായം അയച്ചുതരികയും ചെയ്യുന്നു. വാസ്തവത്തിൽ നമ്മുടെ എല്ലാ പരീക്ഷകളെയും പ്രശ്നങ്ങളെയും അവൻ നേരിട്ടു അനുഭവിച്ചിട്ടു ള്ളവനാണ്. ആകയാൽ നമ്മുടെ അവസ്ഥകളെ ക്കുറിച്ചും ബലഹീനതകളെക്കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും കഷ്ടതകളെ

ക്കുറിച്ചും അവന് അറിവുണ്ട് എന്നു മാത്രമല്ല അവൻ സ്വയമായി അവയെ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും പക്വമതികളായ വിശുദ്ധന്മാരേക്കാൾ ഉപരിയായി കർത്താവായ യേശുക്രിസ്തു നമ്മുടെ പ്രശ്നങ്ങളുമായി കൂടുതൽ അടുത്ത ബന്ധമുള്ളവനാണ്; കാരണം പാപത്തിന്റെ വശീകരണശക്തി ഇല്ലാതെ തന്നെ അതെല്ലാം അവൻ അനുഭവിച്ചിട്ടുണ്ട്.

* * *

# അദ്ധ്യായം 4

**ചോദ്യം :-**

*"ക്രിസ്തുവിനെ ഒരു പ്രവാചകനായിട്ടോ ഒരു ദൂതനായിട്ടോ വിശ്വസിച്ചാൽ പോരേ?"*

S.F.Sudan

ക്രിസ്തു ഒരു പ്രവാചകനും ഒരു ദൂതനും ആണെന്നുള്ളതിനു സംശയമില്ല. അവന്റെ സ്വന്തം ശിഷ്യന്മാർ അവനെ ഗുരു എന്നും ഉപദേഷ്ടാവ് എന്നും വിളിച്ചു. യഹൂദന്മാരുടെ നേതാക്കന്മാരിൽ ഒരുവൻ അവനോടു ഇപ്രകാരം പറഞ്ഞു; "നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു"; എന്നാൽ അവനെ കേവലം മാതൃകപരമായ ഒരു ഉപദേഷ്ടാവായിട്ടോ നീതിമാനും വിശുദ്ധനുമായ ഒരു ദൂതനായിട്ടോ മാത്രം പരിഗണിച്ച് അവിടെ നിർത്തിയാൽ മതിയോ?

ഇത്രയും ദൂരം മാത്രം പോയി അവിടെ നിർത്തിയാൽ അതു ചരിത്ര സത്യങ്ങൾക്കും അനുഭവങ്ങൾക്കും അനുയോജ്യ മായിരിക്കയില്ല. ക്രിസ്തു ക്രൂശിക്കപ്പെട്ടതു കേവലം ഒരു പ്രവാചകനായിട്ടോ ഒരു ദൂതനായിട്ടോ അല്ല, പ്രത്യുത, തലമുറകൾ ആകാംക്ഷാപൂർവ്വം കാത്തിരുന്ന വാഗ്ദത്ത മശീഹായായിട്ടാണ്. മശീഹാ എന്ന ആശയം മനുഷ്യന്റെ കേവലം ഒരു സങ്കല്പമല്ല; ദൈവം പ്രവാചകന്മാരിൽ കൂടി വെളിപ്പെടുത്തിയിട്ടുള്ള ഒരു സത്യമാണത്; ഈ സത്യം പ്രവാചകന്മാർ മുൻകൂട്ടി പറയുകയും ചെയ്തിട്ടുണ്ട്. ആ പ്രത്യാശയിൽ അവർ ജീവിക്കുകയും, മശിഹായുടെ വരവിനെക്കുറിച്ച് അനേകകാര്യങ്ങൾ തങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങളിൽ അവർ എഴുതുകയും ചെയ്തിട്ടുണ്ട്. യഹൂദജനം ഈ വിഷയത്തിലാണ് തങ്ങളുടെ മുഴുവൻ ആഗ്രഹങ്ങളും പ്രത്യാശയും കേന്ദ്രീകരിച്ചത്. റോമൻ ഭരണകൂടത്തിനെതിരായി പ്രവർത്തിച്ചിരുന്നവരും, രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചിരുന്നവരും, വാഗ്ദത്ത

മശീഹായെക്കുറിച്ച് പ്രവാചകന്മാർ പറഞ്ഞിരുന്ന കാര്യങ്ങളുടെ അക്ഷരീയമായ അർത്ഥത്തെ മുറുകെ പിടിച്ചവരും, വാഗ്ദത്ത മശീഹാ തങ്ങളുടെ രാജാവായി തീരുകയും അങ്ങനെ റോമൻ ഭരണകൂടത്തെ തകിടം മറിക്കുകയും തങ്ങൾക്കു രാജ്യം സ്ഥാപിച്ചു കിട്ടുകയും ചെയ്യും എന്നുള്ള വ്യാമോഹത്തിൽ സ്വപ്നം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഹൃദയം പ്രകാശിപ്പിക്കപ്പെട്ടവരും ആത്മീയ ചിന്താഗതി ഉള്ളവരും വിശ്വസിച്ചിരുന്നത്, മശിഹായുടെ ഭരണകാലം നീതിയുടെയും സമാധാനത്തിന്റെയും കാലഘട്ടമായിരിക്കുമെന്നാണ്.

ക്രിസ്തീയ കാലഘട്ടം ആരംഭിച്ചപ്പോൾ ക്രിസ്ത്യാനികൾ ഊന്നിപ്പറഞ്ഞ കാര്യമാണ്, പഴയനിയമ ഗ്രന്ഥങ്ങൾ വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യേണ്ടത് അക്ഷരീയമായിട്ടല്ല ആത്മീയമായിട്ടാണെന്ന്. ഈ പുസ്തകങ്ങൾ വായിക്കുമ്പോൾ, മുന്നമേ പ്രത്യാശിച്ചിരിക്കുന്ന കാര്യങ്ങൾ ക്രിസ്തുവിൽ നിറവേറിയതായി കാണുവാൻ പ്രയാസമുണ്ടാകയില്ല; അങ്ങനെ ദൈവത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം നിവൃത്തിയാക്കപ്പെട്ടു.

ക്രിസ്തുവിന്റെ പ്രവർത്തനങ്ങളും ഉപദേശങ്ങളും ഈ ചിന്താഗതിയിലേക്കു വെളിച്ചം വീശുന്നുണ്ട്. ക്രിസ്തു വാസ്തവത്തിൽ ചരിത്രത്തിലെ ഒരു പ്രവാചകനും ദൂതനും ഉപദേഷ്ടാവുമാണ്. എന്നാൽ അവന്റെ ശിഷ്യന്മാർക്കു ലഭിച്ച വെളിപാടിന്റെ അടിസ്ഥാനത്തിലും അവന്റെ സ്വന്തം അഭിപ്രായത്തിലും നൂറ്റാണ്ടുകൾക്കു മുമ്പെ വാഗ്ദത്തം ചെയ്യപ്പെട്ട മശിഹായണവൻ. അവന് മുമ്പോ പിമ്പോ ഉണ്ടായിട്ടുള്ള എല്ലാ ഉപദേഷ്ടാക്കന്മാരേക്കാളും ഉന്നതമായതും പുതിയതുമായ ഉപദേശങ്ങൾ അവൻ പറഞ്ഞു എന്നുള്ളതല്ല പ്രധാന കാര്യം; നേരെമറിച്ച്, മറ്റാർക്കും ഒരിക്കലും അവകാശപ്പെടുവാൻ കഴിഞ്ഞിട്ടില്ലാത്ത അധികാരത്തോടെയായിരുന്നു അവന്റെ ഉപദേശങ്ങൾ എല്ലാം. അവൻ അധികാരത്തോടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക; "പൂർവ്വീകന്മാരോടു ഇപ്രകാരം അരുളിചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ.... ഞാനോ നിങ്ങളോട് പറയുന്നു" (മത്താ. 5:33, 34) ആരെങ്കിലും പുതിയ നിയമഗ്രന്ഥങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുകയും യഹൂദ മഹാപുരോഹിതൻ

ക്രിസ്തുവിനോടു ചോദിക്കുന്ന ചോദ്യം ശ്രദ്ധിക്കുകയും ചെയ്താൽ അവൻ അത്ഭുതപരതന്ത്രനാകാതിരിക്കയില്ല: "നീ ദൈവപുത്രനായ ക്രിസ്തു തന്നെയോ? പറക". ഉടനെ അവനിൽ നിന്നും പുറപ്പെട്ട വ്യക്തവും ഉജ്ജ്വലവുമായ മറുപടി ശ്രദ്ധിക്കുക; "ഞാൻ ആകുന്നു; ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്നു ഞാൻ പറയുന്നു" (മത്താ. 26:63, 64).

ഏതായാലും മശീഹയെക്കുറിച്ചുള്ള യഹൂദന്മാരുടെ ധാരണയ്ക്കു ഉപരിയായ ചിന്താഗതിയാണ് ക്രിസ്തുവിനെക്കുറിച്ച് ക്രിസ്ത്യാനികൾക്കുള്ളത്. അതു നിവൃത്തിയാകുന്നത് പിന്നീടാണെങ്കിലും, വാസ്തവത്തിൽ മശീഹാ രാജാവും പ്രവാചകനും പുരോഹിതനും ആയിരിക്കേണ്ടത് ആവശ്യമായിരുന്നു. അവനിലും അവൻ മുഖാന്തരവും ദൈവത്തിന്റെ ഉദ്ദേശ്യങ്ങളും ചിന്താഗതികളും നിവൃത്തിയാക്കപ്പെടേണ്ടിയുമിരുന്നു. മാത്രമല്ല, യഹൂദജനം ആകാംക്ഷയോടെ കാത്തിരുന്ന മഹത്വസംപൂർണ്ണമായ ആ കാലഘട്ടം ആവിർഭവിക്കുകയും ചെയ്യേണ്ടിയിരുന്നു. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഇതെല്ലാം നിശ്ചയമുള്ള കാര്യമായിരുന്നു. എന്നാൽ ക്രിസ്തു കഷ്ടതയുടെ പാനപാത്രം കുടിക്കുകയും, രാജത്വം ഏല്ക്കുന്നതിനു മുമ്പേ ലജ്ജാകരമായ ഒരു കുരിശു വഹിക്കുകയും ചെയ്യേണ്ടിയിരുന്നു എന്ന ചിന്ത യഹൂദന്മാർക്കുണ്ടായിരുന്നില്ല. അവരുടെ ദൃഷ്ടിയിൽ അതുകേവലം ഇടർച്ചക്കല്ലും തടങ്ങൽ പാറയുമായിരുന്നു. അക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇന്നും അക്കാര്യം അവർക്കു ഇടർച്ചക്കല്ല് തന്നെയാണ്.

ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത രാത്രിയിൽ അവൻ തന്റെ ശിഷ്യന്മാരുമായി ഒടുവിലായി കഴിച്ച അത്താഴത്തിൽ വച്ച് അവൻ പറഞ്ഞ ഈ വാക്കുകളുടെ അർത്ഥമെന്തായിരിക്കാം? "വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം..... എല്ലാവരും ഇതിൽ നിന്ന് കുടിപ്പിൻ; ഇതു അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മത്തായി 26:26-28). പൂർവ്വപിതാക്കന്മാരോടു ദൈവം ചെയ്ത നിയമത്തെക്കുറിച്ച് പഴയനിയമഗ്രന്ഥങ്ങളിൽ പറയുന്നതിനേക്കാൾ ഉന്നതമായ

ഒരു പുതിയ നിയമം സ്ഥാപിക്കുവാൻ വേണ്ടി, മനുഷ്യവർഗ്ഗത്തിന് പ്രതിപകരമായി മരിപ്പാൻ തക്കവണ്ണം ക്രിസ്തു തന്റെ ശരീരത്തെ ഒരു യാഗമായി സമർപ്പിക്കുന്നു എന്ന ആശയമാണ് ആ ഒടുവിലത്തെ അത്താഴരാത്രിയിൽ ക്രിസ്തു പറഞ്ഞ വാക്കുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നത്.

## ക്രിസ്തു ചരിത്രത്തിൽ

പുതിയനിയമത്തിന്റെ പേജുകളിൽ ക്രിസ്തുവിനെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്, നസറേത്തിൽ നിന്നുള്ള സന്ദേശ വാഹകനായും, പുതുയുഗത്തിന്റെ പ്രചാരകനായും, നീതിമാനായ ന്യായാധിപതിയായും, ദൈവദത്തമായ ന്യായപ്രമാണത്തിന്റെ പൂർത്തീകരണ കർത്താവും ദൈവരാജ്യത്തെ പ്രഘോഷിക്കുന്ന വലിയ ദൂതനായും മറ്റുമാണ്. സ്വർഗ്ഗ രാജ്യത്തിന്റെ കേന്ദ്രബിന്ദു വാണവൻ; പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കപടഭക്ത ന്മാരുടെയും ശക്തനായ എതിരാളിയായിരുന്നു അവൻ; തന്റെ ചുറ്റും തടിച്ചു കൂടിയ ശിഷ്യഗണത്തിന്റെ ഗുരുവും ഉപദേഷ്ടാവു മായിരുന്നു അവൻ. സ്വർഗ്ഗരാജ്യത്തിനവകാശികളായ ദൈവത്തിന്റെ സത്യ സഭയുടെ കേന്ദ്രബിന്ദുവും അവൻ തന്നെയാണ്. വലിയ അധികാരത്തോടെ ഉപദേശിച്ച ഗുരുവാണവൻ; മാത്രമല്ല, പാപ മോചനം നല്കുന്ന കർത്താവുമാണവൻ. രോഗികൾക്കു സൌഖ്യമേകിയ നല്ല വൈദ്യനാണവൻ, മരിച്ചവരെ ഉയിർപ്പിച്ച കർത്താവുമാണവൻ.

ക്രിസ്ത്യാനികൾ വിശ്വസിക്കുന്നവനും സുവിശേഷങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നവനുമായ യേശു ഇവനാണ്. ചരിത്രത്തിൽ അവനൊരു വ്യക്തിത്വമുണ്ട്; എന്നാൽ, അതേസമയം തന്നെ, അവൻ ദൈവവചനവും അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവുമാണ്; അവൻ ജഡമെടുത്തു മനുഷ്യസാദൃശ്യത്തിലായി, വീണ്ടെടുപ്പിൻ വേല നിവർത്തിക്കുവാൻ പരിപൂർണ്ണ മനുഷ്യനു മായിത്തീർന്നു.

ക്രിസ്തുവാകുന്ന സത്യം അഗാധമായതാണ്. ദൈവത്തിൽ നിന്നും വീണ്ടും ജനിച്ചവനല്ലാതെ മറ്റാർക്കും ആ സത്യം മനസ്സിലാ

ക്കുവാൻ കഴികയില്ല. ക്രിസ്തു ദൈവത്തിന്റെ ജ്ഞാനമാകുന്നു; അതു ഈ ലോകത്തിലെ ജ്ഞാനികൾക്കു മറവായിരിക്കുന്നു എങ്കിലും ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നു. മഹത്വമാർന്ന സുവിശേഷം ഓരോ കാലഘട്ടത്തിലും, തലമുറയിലുമുള്ള മനുഷ്യവർഗ്ഗത്തെ മുഴുവൻ വെല്ലുവിളിച്ചുകൊണ്ട് നിലനില്ക്കുന്നു; "ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്കു എന്തു തോന്നുന്നു?" എന്ന ചോദ്യവുമായി ഇന്നും ആ വെല്ലുവിളി തുടരുന്നു. ദൈവത്തിന്റെ വിലയേറിയ അപ്പോസ്തലനായ പൗലോസ് ആ ചോദ്യത്തിനു ദൈവവചനത്തിൽ കൂടി നല്കുന്ന മറുപടി ശ്രദ്ധിക്കുക, "അവൻ ജഡത്തിൽ വെളിപ്പെട്ടു.... എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു" (1 തിമോ. 3:16). ഒരു വ്യക്തിക്ക് ക്രിസ്തുവിനെ കാണാതെ തന്നെ അവനെ വിശ്വസിക്കുവാൻ അപ്പൊസ്തലന്റെ ഈ അനുഗ്രഹിക്കപ്പെട്ട മറുപടി ധാരാളം മതിയാകുന്നതാണ്. അങ്ങനെയുള്ള വിശ്വാസം ആ വ്യക്തിക്കു സ്വയമേവ ലഭിക്കുന്നതല്ല; അതു ദൈവത്തിന്റെ ദാനമത്രെ ആകുന്നു. മനുഷ്യനായ യേശുക്രിസ്തുവിനെ വിശ്വാസത്താൽ കണ്ടുമുട്ടുന്ന ഒരു വ്യക്തി അവനെ ഇപ്രകാരം മനസ്സിലാക്കുന്നതായിരിക്കും; "അവൻ ആദിയിൽ വചനം ആയിരുന്നു എന്നും, ആ വചനം ദൈവത്തോടുകൂടെയായിരുന്നു എന്നും, ആ വചനം ദൈവം തന്നെ ആയിരുന്നു എന്നും" (യോഹ. 1:1) ക്രിസ്തു പത്രൊസിനോടു പറയുമ്പോൾ ഈ വചനം സത്യമായി വരുന്നുണ്ട് : "ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയത്" (മത്തായി 16:17). അപ്പോസ്തലനായ പൗലോസ് നൂറ്റാണ്ടുകൾക്കു മുമ്പേ പറഞ്ഞിരിക്കുന്നതും നോക്കുക; "പരിശുദ്ധാത്മാവിൽ അല്ലാതെ 'യേശു കർത്താവ്' എന്നു പറയുവാൻ ആർക്കും കഴിയുകയുമില്ല" (1 കൊരി. 12:3).

✳ ✳ ✳

## അദ്ധ്യായം 5

**ചോദ്യം :-**

*"പഴയനിയമ ഗ്രന്ഥങ്ങളിൽ ക്രിസ്തുവിന്റെ ദൈവത്വത്തിനുള്ള തെളിവുകൾ എന്തെല്ലാമാണ്?"*

A.T.Zarka, Jordan

വീണ്ടെടുപ്പുമൂലം മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ വേണ്ടി ഒരു സ്വർഗ്ഗീയ വ്യക്തിയുടെ ആഗമനത്തെക്കുറിച്ച് പഴയനിയമം പ്രഖ്യാപിക്കുന്നുണ്ട്. ആ വ്യക്തി ഒരു സ്ത്രീയുടെ സന്തതിയായിരിക്കണം. അബ്രഹാമിന്റെ വംശാവലിയിൽ, യഹൂദ ഗോത്രത്തിൽ ദാവീദിന്റെ കുടുംബത്തിൽ ഒരു കന്യകയിൽ നിന്നും ജനിച്ച വ്യക്തിയായിരിക്കണം ആ പുരുഷൻ. ദുഃഖം ശീലിച്ച മനുഷ്യനെന്ന് അവനെ വർണ്ണിച്ചിരിക്കുന്നു. പാപത്തിനുവേണ്ടി അവൻ സ്വമേധയാ ഒരു യാഗമായി അർപ്പിക്കപ്പെടുമെന്നും വിവരിച്ചിരിക്കുന്നു. വീരനാം ദൈവത്തിന്റെ ദൂതനായ 'യാഹ്, എലോഹിം' ആയിരിക്കും അവൻ. ദൈവത്തിന്റെ എല്ലാ പ്രവർത്തികളും അവൻ ചെയ്യും. മനുഷ്യരും ദൂതന്മാരും ദൈവത്തിനു അർപ്പിക്കുന്ന ആരാധന അവൻ സ്വീകരിക്കുകയും ചെയ്യും.

ഇതിൽ നിന്നും ദൈവീക ഗുണങ്ങൾ ഉള്ള രണ്ടു സ്വർഗ്ഗീയ വ്യക്തികൾ ഉള്ളതായി സ്പഷ്ടമായും വ്യക്തമാകുന്നു. രണ്ടുപേർക്കും ഒരേ ഹിതവും ഒരേ പ്രവർത്തനവും ഒരേ സംസാരവുമാണ്; എന്നാൽ ഒരാൾ മറ്റേ ആളെ അയയ്ക്കുന്നു. പഴയനിമയത്തിൽ നിയമദൂതനെന്നും യഹോവയുടെ ദൂതനെന്നും വിളിക്കപ്പെട്ട അതേ വ്യക്തി തന്നെയാണ് കാലസമ്പൂർണ്ണതയിൽ മനുഷ്യനായി അവതരിച്ചത് എന്നുള്ളതിന് വ്യക്തമായ സൂചന നമുക്കു ലഭിക്കുന്നുണ്ട്. അവൻ വരുന്നതിനു മുമ്പേ യോഹന്നാൻ സ്നാപകൻ വരികയും അവനുവേണ്ടി വഴി നിരപ്പാക്കുകയും

ചെയ്യുന്നതായി നാം കാണുന്നു. അങ്ങനെ താഴെകാണുന്ന പ്രവചനം നിവൃത്തിയായി, "മരുഭൂമിയിൽ യഹോവയ്ക്കു വഴി ഒരുക്കുവിൻ, നിർജ്ജന പ്രദേശത്തു നമ്മുടെ ദൈവത്തിനു ഒരു പെരുവഴി നിരപ്പാക്കുവിൻ. എല്ലാ താഴ്വരയും നികന്നും എല്ലാ മലയും കുന്നും താണും വരേണം. വളഞ്ഞതു ചൊവ്വായും ദുർഘടങ്ങൾ സമമായും തീരേണം. യഹോവയുടെ മഹത്വം വെളിപ്പെടും. സകല ജഡവും ഒരുപോലെ അതിനെ കാണും; യഹോവയുടെ വായല്ലോ അരുളിചെയ്തിരിക്കുന്നത്" (യെശ. 40:3-5).

മലാഖി പ്രവചനത്തിൽ പ്രവാചകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു; "എനിക്കു മുമ്പായി വഴി നിരത്തേണ്ടതിന് ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേയ്ക്ക് വരും.... എന്നാൽ അവൻ വരുന്ന ദിവസത്തെ ആർക്കു സഹിക്കാം? അവൻ പ്രത്യക്ഷനാ കുമ്പോൾ ആർ നിലനില്ക്കും? അവൻ ഊതിക്കഴിക്കുന്നവന്റെ തീ പോലെയും അലക്കുന്നവരുടെ ചാരവെള്ളം പോലെയും ആയിരിക്കും. അവൻ ഊതിക്കഴിക്കുന്നവനെപ്പോലെയും വെള്ളി ശുദ്ധിവരുത്തുന്നവനെപ്പോലെയും ഇരുന്നുകൊണ്ട് ലേവി പുത്രന്മാരെ ശുദ്ധീകരിച്ച് പൊന്നു പോലെയും വെള്ളി പോലെയും നിർമ്മലീകരിക്കും. അങ്ങനെ അവൻ നീതിയിൽ യഹോവയ്ക്കു വഴിപാടു അർപ്പിക്കും" (മലാ. 3:1-3).

നാം പുതിയ നിയമത്തിലേക്കു നോക്കുമ്പോൾ, കർത്താവിന്റെ വഴി ഒരുക്കുന്നവൻ യോഹന്നാൻ സ്നാപകനാണെന്നും, അവന്റെ മന്ദിരത്തിലേയ്ക്കുവരുന്ന കർത്താവ്, ക്രിസ്തുവാണെന്നും നമുക്കു ബോദ്ധ്യമാകും. മത്തായി സുവിശേഷം 11 : 10 -ൽ നാം ഇപ്രകാരം വായിക്കുന്നു; ''ഞാൻ എന്റെ ദൂതനെ നിനക്കു മുമ്പായി അയയ്ക്കുന്നു; അവൻ നിന്റെ മുമ്പിൽ നിനക്കു വഴി ഒരുക്കും എന്നു എഴുതപ്പെട്ടിരിക്കുന്നവൻ അവൻ തന്നെ". വീണ്ടും മർക്കോസ് സുവിശേഷം 1 : 1 - 2 വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു: "ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം; ഞാൻ നിനക്കു മുമ്പായി എന്റെ ദൂതനെ അയയ്ക്കുന്നു"

അവൻ നിന്റെ വഴി ഒരുക്കും. കർത്താവിന്റെ വഴി ഒരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ വാക്ക് എന്നിങ്ങനെ യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു" (ലൂക്കാ. 1:76; 7:27 എന്നീ വാക്യങ്ങളും വായിച്ചു നോക്കുക).

ക്രിസ്തുവിനെ ചൂണ്ടിക്കാണിക്കുകയും അവന്റെ ദൈവ ത്വത്തെ തെളിയിക്കുകയും ചെയ്യുന്ന അനേക വാക്യങ്ങൾ പഴയനിയമത്തിലുണ്ട്.

★ "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലത്തു ഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല" (സങ്കീ. 16:8) ഈ വാക്യത്തെ അപ്പോസ്തലപ്രവൃത്തികൾ 2:25 –മായി താരതമ്യപ്പെടുത്തിയാൽ പ്രസ്തുത ദൈവവചനം ക്രിസ്തുവിനെ ചൂണ്ടികാണിക്കുന്നതായി നമുക്കു മനസ്സിലാക്കാം.

★ "മരുഭൂമിയിൽ യഹോവയ്ക്കു വഴി ഒരുക്കുവിൻ: നിർജ്ജന പ്രദേശത്തു നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ" (യെശ.40:3) ഈ വാക്യത്തെ മത്തായി 3:3 –മായി താരതമ്യ പ്പെടുത്തിയാൽ യെശയ്യ പ്രവചനത്തിലെ 'യഹോവ' തന്നെയാണ് ക്രിസ്തു എന്നു ബോദ്ധ്യമാകും.

★ "ഉസ്സിയാ രാജാവ് മരിച്ച ആണ്ടിൽ കർത്താവ്, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരിക്കുന്നു. സാറാഫുകൾ അവനു ചുറ്റും നിന്നു. ഒരോരുത്തനു ആറാറ് ചിറകുണ്ടായിരുന്നു. രണ്ടുകൊണ്ട് അവർ മുഖം മൂടി; രണ്ടുകൊണ്ട് കാൽ മൂടി; രണ്ടു കൊണ്ട് പറന്നു. ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു" (യെശ. 6:1–3). ഈ വാക്യങ്ങളെ യോഹന്നാൻ 12:41–മായി താരതമ്യപ്പെടുത്തിയാൽ, സൈന്യങ്ങളുടെ യഹോവ എന്നു ദൈവദൂതന്മാർ പറഞ്ഞു വാഴ്ത്തി സ്തുതിച്ച ആ പരിശുദ്ധൻ ക്രിസ്തുവാണെന്നു മനസ്സിലാക്കാം.

★ "സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ; അവൻ തന്നെ നിങ്ങളുടെ ഭയവും നിങ്ങളുടെ ഭീതിയും ആയിരിക്കട്ടെ. എന്നാൽ അവൻ ഒരു വിശുദ്ധ മന്ദിരമായിരിക്കും; എങ്കിലും യിസ്രായേൽ ഗൃഹത്തിനു രണ്ടിനും അവൻ ഒരു ഇടർച്ചക്കല്ലും തടങ്ങൽ പാറയും യെരുശലേം നിവാസികൾക്കു ഒരു കുടുക്കും കണിയും ആയിരിക്കും" (യെശ 8:13, 14) ഈ വാക്യത്തെ റോമർ 9 : 33 -മായി താരതമ്യപ്പെടുത്തുക. ഫലമോ സൈന്യങ്ങളുടെ യഹോവയാണ് ക്രിസ്തു എന്നു വ്യക്തമാകും.

★ "തങ്ങൾ കുത്തീട്ടുള്ളവങ്കലേക്ക് അവർ നോക്കും: ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വിലപിക്കും" (സെഖ. 12:10) ഈ വാക്യത്തെ വെളിപാട് 1:7-മായി താരതമ്യപ്പെടുത്തുക. പഴയനിയമത്തിൽ കുത്തിത്തുളയ്ക്കപ്പെട്ടവൻ യഹോവയും (ദൈവം) പുതിയ നിയമത്തിൽ ക്രിസ്തുവുമാണെന്ന് ബോദ്ധ്യമാകും.

★ "നീയോ ബേത്‌ലഹേം എഫ്രാത്തേ, നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (മീഖാ. 5:2). ഈ വാക്യം മത്തായി 2:6 -മായി ഒത്തു നോക്കുക, പഴയനിയമത്തിൽ 'പുരാതനായവൻ' എന്നു പറഞ്ഞിരിക്കുന്നതു ക്രിസ്തുവിനെക്കുറിച്ചാണെന്നു അപ്പോൾ നിങ്ങൾക്കു കാണാം.

★ "എനിക്കു മുമ്പേ ഒരു ദൈവവും ഉണ്ടായിട്ടില്ല. എന്റെ ശേഷം ഉണ്ടാകയുമില്ല. ഞാൻ, ഞാൻ തന്നെ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല" (യെശ. 43:10, 11) ഈ വാക്യം അപ്പോസ്തലപ്രവൃത്തികൾ 4:12 -മായി ഒത്തുനോക്കുക; അപ്പോൾ രക്ഷിക്കുന്ന യഹോവ ക്രിസ്തുവാണെന്നു നിങ്ങൾക്കു മനസ്സിലാകും.

★ "ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്ന് യഹോവയുടെ അരുളപ്പാട്" (യിരെ. 23:24) "സർവ്വവും അവന്റെ (ക്രിസ്തുവിന്റെ) കാല്ക്കീഴിലാക്കി വെച്ച് അവനെ

സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്ന വന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടു ക്കയും ചെയ്തിരിക്കുന്നു" (എഫേ 1:22, 23) ഒന്നാം വാകൃത്തിൽ യഹോവ ആകാശവും ഭൂമിയും നിറഞ്ഞവൻ എന്നു വായിക്കുന്നു. രണ്ടാം വാകൃത്തിൽ ക്രിസ്തു എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവൻ എന്നും പറഞ്ഞിരിക്കുന്നു.

★"സൈന്യങ്ങളുടെ ദൈവമായ യഹോവേ നിന്നെപ്പോലെ ബലവാൻ ആരുള്ളു? യഹോവേ, നിന്റെ വിശ്വസ്തത നിന്നെ ചുറ്റിയിരിക്കുന്നു നീ സമുദ്രത്തിന്റെ ഗർവ്വത്തെ അടക്കിവാഴുന്നു. അതിലെ തിരകൾ പൊങ്ങുമ്പോൾ നീ അവയെ അമർത്തുന്നു" (സങ്കീ. 89 :8, 9). ഈ വാകൃത്തെ മർക്കോസ് 4: 39 – മായി താരതമ്യപ്പെടുത്തുക. ഒന്നാം വാകൃത്തിൽ സൈന്യങ്ങളുടെ ദൈവമായ യഹോവ സമുദ്രത്തിന്റെ ഗർവ്വത്തെ അമർത്തുന്നു എന്നു വായിക്കുന്നു. രണ്ടാം വാകൃത്തിൽ കടലിനെ അമർത്തു വാനുള്ള ശക്തി ക്രിസ്തുവിനുള്ളതായി തെളിയുന്നു.

★"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അത്ഭുതമന്ത്രി, വീരനാം ദൈവം, നിതൃപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ. 9:6). ഈ വാകൃത്തെ ലൂക്കോസ് 2:11 യോഹന്നാൻ 8:58; എഫെസ്യർ 2: 14 –17 എന്നീ വാകൃങ്ങളുമായി താരതമ്യപ്പെടുത്തുക. പഴയ നിയമത്തിലെ വാക്യം ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പ്രവചന മാണെന്നും പുതിയനിയമത്തിലെ ഈ വാകൃങ്ങളിൽ ആ പ്രവചനം നിവൃത്തിയാകുന്നതായും നമുക്കു കാണാം. അതായത്, വാഗ്ദത്തം ചെയ്യപ്പെട്ട ആ ശിശു ക്രിസ്തുവാണ്; അവനാണ് കർത്താവ്; അവന്റെ തോളിൽ ആധിപത്യം ഇരിക്കും; അവന് അത്ഭുതമന്ത്രി എന്നു പേർ വിളിക്കപ്പെടും. അത് അവനല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാ അവൻ സർവ്വശക്തനും സമാധാന പ്രഭുവുമാ കുന്നു.

★"ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ള താകുന്നു; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോ

ലാകുന്നു" (സങ്കീ. 45:6). ഈ വാക്യത്തെ എബ്രായർ 1:8–മായി താരതമ്യപ്പെടുത്തുക. സങ്കീർത്തനങ്ങളിൽ ദൈവത്തെപ്പറ്റി പറയുന്ന കാര്യങ്ങൾ എബ്രായ ലേഖനത്തിൽ ക്രിസ്തുവിനെപ്പറ്റി പറയുന്നു.

★ "പൂർവ്വകാലത്തു നീ ഭൂമിക്കു അടിസ്ഥാനമിട്ടു: ആകാശം നിന്റെ കൈകളുടെ പ്രവൃത്തി ആകുന്നു" (സങ്കീർത്തനം 102:25). ഈ വാക്യം എബ്രായർ 1:10–12 വാക്യവുമായി ഒത്തു നോക്കുക. ഒന്നാം വാക്യത്തിൽ ദൈവത്തെപ്പറ്റി പറയുന്ന കാര്യങ്ങൾ രണ്ടാം വാക്യത്തിൽ ക്രിസ്തുവിനെപ്പറ്റി പറയുന്നു.

★ "സങ്കീർത്തനങ്ങൾ 31:5, അപ്പോസ്തല പ്രവൃത്തികൾ 7:59 എന്നീ വാക്യങ്ങൾ തമ്മിൽ ഒത്തു നോക്കുക. ഒന്നാം വാക്യത്തിൽ ദാവീദ് യഹോവയായ ദൈവത്തിന്റെ കൈകളിൽ തന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു. രണ്ടാം വാക്യത്തിൽ സ്തേഫാനോസ് തന്റെ ആത്മാവിനെ ക്രിസ്തുവിന്റെ കൈകളിൽ ഭരമേല്പിക്കുന്നു.

★ സദൃശ്യവാക്യങ്ങൾ 3:12, വെളിപ്പാട് 3:19 ഒന്നാം വാക്യത്തിൽ "യഹോവ സ്നേഹിക്കുന്ന ഏവനേയും അവൻ ശിക്ഷിക്കുന്നു" എന്നു വായിക്കുന്നു. രണ്ടാം വാക്യത്തിൽ ക്രിസ്തു പറയുന്നു, "എനിക്കു പ്രിയമുള്ളവരേ ഒക്കെയും ഞാൻ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു".

★ "യെശയ്യാവ് 40:10, വെളിപ്പാട് 22:12 എന്നീ വാക്യങ്ങൾ തമ്മിൽ താരതമ്യപ്പെടുത്തുക. ഒന്നാം വാക്യത്തിൽ, "യഹോവയായ കർത്താവു വരുന്നു... കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കൈയ്യിലും ഉണ്ട്" എന്നു വായിക്കുന്നു; രണ്ടാം വാക്യത്തിൽ ക്രിസ്തു പറയുന്നു; "ഇതാ ഞാൻ വേഗം വരുന്നു; ഓരോരുത്തന് അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്".

★ യെശയ്യാവ് 44:6; വെളിപ്പാട് 22:13 എന്നീ വാക്യങ്ങൾ തമ്മിൽ ഒത്തുനോക്കുക. ഒന്നാം വാക്യത്തിൽ സൈന്യങ്ങളുടെ ദൈവമായ യഹോവ ഇപ്രകാരം അരുളിചെയ്യുന്നു; "ഞാൻ

ആദ്യനും അന്ത്യനും ആകുന്നു; ഞാനല്ലാതെ ഒരു ദൈവവുമില്ല". രണ്ടാം വാക്യത്തിൽ കർത്താവായ യേശുക്രിസ്തു അരുളി ചെയ്യുന്നു, "ഞാൻ അൽഫയും ഒമേഗയും, ഒന്നാമത്തവനും ഒടുക്കത്തവനും, ആദിയും അന്തവുമാകുന്നു".

★ യിരെമ്യാവ് 10:10; 1 യോഹന്നാൻ 5:20 എന്നീ വാക്യങ്ങൾ തമ്മിൽ ഒത്തുനോക്കുക. പഴയനിയമത്തിലെ വാക്യത്തിൽ ഇപ്രകാരം വായിക്കുന്നു; "യഹോവയോ സത്യ ദൈവം; അവൻ ജീവനുള്ള ദൈവവും ശാശ്വതരാജാവും തന്നെ". പുതിയനിയമ വാക്യത്തിൽ ക്രിസ്തുവിനെപ്പറ്റി ഇപ്രകാരം വായിക്കുന്നു; "അവൻ സത്യദൈവവും നിത്യജീവനുമാകുന്നു".

പഴയനിമയത്തിലെ ഈ വാക്യങ്ങളിലും, അവയ്ക്കു സമാന്തരമായി പുതിയ നിയമത്തിൽ കാണുന്ന വാക്യങ്ങളിലും ക്രിസ്തുവിന് ദൈവിക പദവികളും ഗുണവിശേഷങ്ങളും നല്കി യിരിക്കുന്നതിനാൽ അവന്റെ ദൈവികാധികാരത്തെ വ്യക്തമായും ഉറപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. അവൻ കേവലം ഒരു സൃഷ്ടിയോ ഒരു സാധാരണ മനുഷ്യനോ ആയിരുന്നുവെങ്കിൽ ഈ പദവികൾ ഒന്നും അവന് നല്കുവാൻ കഴിയുമായിരുന്നില്ല. നാം കാണുന്ന അവന്റെ ഗുണവിശേഷങ്ങളും സ്ഥാനപേരുകളും താഴെ പറയുന്നവയാണ്; യഹോവ, ദൈവം, അത്യുന്നത ദൈവം, സൈന്യങ്ങളുടെ രാജാവായ യഹോവ, സൈന്യങ്ങളുടെ യഹോവ, പുരാതനനായവൻ, എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവൻ, ആദിയും അന്തവും, അത്ഭുത മന്ത്രി, വീരനാം ദൈവം, കർത്താവായ സത്യദൈവം, നിത്യജീവൻ, സർവ്വശക്തൻ, രാജാധിരാജാവും കർത്താധികർത്താവും, യഥാർത്ഥ പരിശുദ്ധൻ.

ഈ സ്ഥാനപ്പേരുകളോ ഗുണവിശേഷങ്ങളോ ഒരു മനുഷ്യജീവിക്കു നല്കുക എന്നത് തീർത്തും അസാദ്ധ്യമാണ്. അതു തീർച്ചയായും വെറുപ്പുളവാക്കുന്ന ദൈവദൂഷണമായിരിക്കും. ദൈവം യെശയ്യ പ്രവാചകനോട് പറയുന്നതു ശ്രദ്ധിക്കുക; "ഞാൻ യഹോവ, അതുതന്നെ എന്റെ നാമം: ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും വിട്ടുകൊടുക്കയില്ല" (യെശ. 42:8). ക്രിസ്തു ദൈവമല്ലായിരുന്നുവെങ്കിൽ, ദൈവത്തിനു കൊടുക്കേണ്ട മഹത്വം

മറ്റൊരുത്തനു നല്കി എന്നു വരുമായിരുന്നു: അതുപോലെ ദൈവത്തിന്റെ നാമം മനുഷ്യനു നല്കി എന്നു വരും. ഈ ബന്ധത്തിൽ ദൈവനിശ്വസ്തമായ ഗ്രന്ഥം തെറ്റാകുവാനും ഇടയുണ്ട്. എന്നാൽ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇതിനു വിരുദ്ധമായിട്ടു തന്നെയാണ് വിശ്വാസികൾ ദൈവത്തെ കാണുന്നത്: അതായത്, ജഡത്തിൽ യേശുക്രിസ്തു വെളിപ്പെട്ട ദൈവമാണ്. മാത്രമല്ല, ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും അവനിൽ വസിക്കുകയും ചെയ്യുന്നു.

✳ ✳ ✳

ഈ പുസ്തകം വായിച്ചശേഷം കൂടുതൽ വിവരങ്ങൾ അറിയുവാനാഗ്രഹിക്കുന്നവർ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുകയോ അപേക്ഷിക്കുകയോ ചെയ്യുക.

*Published by:*

P.B. No. 45, Kayamkulam - 690 502
Kerala.